തിരക്കാർന്ന ജീവിതത്തിലും മനുഷ്യൻ വെറുതെയിരിക്കാറുണ്ട്. അത്തരമൊരു സന്ദർഭത്തിൽ ഒരു കടലാസും പേനയും ലഭിച്ചാൽ അവനൊരു ചിത്രകാരനല്ലെങ്കിൽകൂടി വല്ലതുമൊക്കെ വരച്ചെന്നിരിക്കും. ബോറടിക്കുന്ന ക്ലാസിലിരുന്നിട്ടുള്ളവർക്കീയനുഭവം ഉണ്ടായിക്കാണും. ശ്രദ്ധിക്കുന്നുണ്ടെന്നു നടിച്ച്, പുസ്തകവും തുറന്ന്, പേനയുമായിരിക്കുമെങ്കിലും മനോവ്യാപാരം അതിർത്തിക്കപ്പുറമായിരിക്കും. ഇങ്ങനെ "മനമങ്ങും തടിയിങ്ങു"മായിരിക്കുന്നതു മൂലം നാമറിയാതെ പുസ്തകത്തിൽ ചില ചിത്രവേലകൾ പ്രത്യക്ഷപ്പെട്ടെന്നിരിക്കും. ചിലർ ഗാഢചിന്തയിൽ മുഴുകിയിരിക്കുമ്പോഴായിരിക്കും അറിയാതെ കടലാസിലൂടെ പേന ചലിക്കുന്നത്. മറ്റുചിലർ ആരെയെങ്കിലും പ്രതീക്ഷിച്ച് വഴിയരുകിൽ കുത്തിയിരിക്കുമ്പോൾ പൂഴിയിൽവിരൽകൊണ്ട് അലക്ഷ്യമായിവരയ്ക്കാറുണ്ട്. പ്രത്യേകഭാവനയോ, ഉദ്ദേശ്യലക്ഷ്യങ്ങളോ ഇല്ലാതെ "ചുമ്മാ" വരയ്ക്കുന്നവയാണിവ. എന്നിരുന്നാലും അവയെ വെറുംവരകളായോ, കിറുക്കിന്റെ ലക്ഷണമായോ, 'ബാധ'യായോ കണക്കാക്കി തള്ളാവതല്ല. പ്രത്യുത, അവരവരുടെ സ്വഭാവവിശേഷങ്ങളെ മനസ്സിലാക്കാനുതകുന്ന ഒരു "ഗ്രാഫ്" (graph) ആയിവേണം ഇതിനെ കരുതാനെന്നാണ് ആധുനികമനഃശാസ്ത്രവിശാരദർ അഭിപ്രായപ്പെടുന്നത്. പരീക്ഷണങ്ങളിൽ തെളിഞ്ഞ വസ്തുതയുമാണിത്.

ഇനി രംഗമൊന്നുമാറ്റാം. നിങ്ങൾ കൈയിൽ ഒരു താക്കോൽക്കൂട്ടവുമായി യാത്രചെയ്യുന്നുവെന്നിരിക്കട്ടെ. ഇടയ്ക്കുവച്ച് നിങ്ങളുടെ താക്കോൽക്കൂട്ടം കൈയിൽനിന്നും വഴുതി താഴെവീണുവെന്നുംവയ്ക്കുക. നിങ്ങളറിയാതെയാണത് സംഭവിച്ചതെന്ന് നിങ്ങൾ പറയുന്നുവെങ്കിൽ നിങ്ങൾക്കല്പം തെറ്റുപറ്റി. കാരണം, നിങ്ങളുടെ ബോധമനസ്സറിയാതെയായിരിക്കാമതു സംഭവിച്ചത്. പക്ഷെ അബോധ-ഉപബോധമണ്ഡലങ്ങൾക്കിതിൽ അഭേദ്യമായ പങ്കുണ്ട് എന്നാണ് ആധുനികമനഃശാസ്ത്ര നിഗമനം. അപ്പോൾ മനുഷ്യമനസ്സറിയാതെ ഒന്നും സംഭവിക്കുന്നില്ല; മറവിപോലും!

സാഫല്യം നേടാത്ത ആഗ്രഹങ്ങളും, അടിച്ചമർത്തിയ ദുഃഖങ്ങളും, വേദനകളും, അടങ്ങാത്ത ഭയവും, മറ്റു തിക്താനുഭവങ്ങളും അബോധമനസ്സിലുറഞ്ഞുകിടക്കുകയാണ്. അവയെല്ലാം മറികടക്കുവാൻ മനുഷ്യമനസ്സ് ദാഹിക്കുകയാണ്. മർത്ത്യമനസ്സിന്റെ പൂർണ്ണതാസാഫല്യത്തിനു സ്വീകരിക്കുന്ന മാർഗ്ഗങ്ങളാവട്ടെ നമുക്ക് പലപ്പോഴും അജ്ഞാതമായിരിക്കും. അബോധത്തിൽനിന്നു പൊങ്ങി ഉപബോധത്തിലൂടെ ബോധമണ്ഡലത്തിലെത്തുന്ന പൂർണ്ണതാസാഫല്യപ്രചോദനങ്ങൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ പലപ്പോഴും വേഷപ്രച്ഛന്നവുമായിരിക്കും. "സ്വർഗ്ഗകുമാരികളായ സ്വപ്നങ്ങൾക്കും," ഉറക്കത്തിലെ യാത്ര, ഫോബിയ, ഹിസ്റ്റീരിയ തുടങ്ങി അനേകം വിചിത്രപ്രവൃത്തികൾക്കും കാരണം പലവിധ മാനസിക വൈകല്യങ്ങളത്രെ. ഇത്തരത്തിലൊന്നാവാം താക്കോൽക്കൂട്ടത്തെ താഴെയിടുവാൻ പ്രേരിപ്പിച്ചത്.

നമ്മുടെ ഓരോ ചലനവും പൂർണ്ണതയ്ക്ക് വേണ്ടിയാണ്. ചലനങ്ങൾ ആവർത്തിക്കുമ്പോൾ സ്വഭാവമാകുന്നു. അങ്ങനെയെങ്കിൽ വെറുതെയിരിക്കുമ്പോൾ 'ചുമ്മാ' വരക്കുക

യെന്നതും സ്വഭാവമാണ്. പൂർണ്ണതയ്ക്കുവേണ്ടിയുള്ള സ്വഭാവം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സ്വഭാവം ചിത്രീകരിക്കുന്ന 'ഗ്രാഫു'കളാണ് പ്രസ്തുത വരകൾ.

പലരിലും വിഭിന്നങ്ങളായ സ്വഭാവങ്ങളായതിനാൽ വരകൾ പലവിധത്തിലായിരിക്കും വരയ്ക്കുക. ക്ഷേത്രഗണിതത്തിലെ ചില സമാന്യപ്രതിരൂപാംശങ്ങളോട് ഇവയ്ക്ക് നേരിയതോതിൽ ബന്ധം കാണുന്നുണ്ട്. ഇനി പ്രസ്തുതവരകളിൽ നിന്നും ഒരു വ്യക്തിയുടെ സ്വഭാവപഠനം നടത്തുന്നതെങ്ങനെയെന്നു നോക്കാം.

മിക്കവാറും മടിയന്മാർ വരയ്ക്കുന്നതിൽ ഭൂരിഭാഗവും വൃത്തങ്ങളോ, സാദൃശ്യരൂപങ്ങളോ ആയിരിക്കും. മറ്റുള്ളവരുടെ നിർലോഭമായ സഹായസഹകരണങ്ങൾ ഇവരെ മുന്നോട്ട് നയിക്കുന്നുവെന്നു പറയാം. അല്ലറചില്ലറ കലാവാസനയുള്ള ഇക്കൂട്ടർ സദാ മനോരാജ്യത്തിൽ കഴിയുന്നവരുമായിരിക്കും.

പല പദ്ധതികളും ആസൂത്രണം ചെയ്ത് മുമ്പോട്ട് പോകുന്ന സമർത്ഥന്മാർ ചതുരങ്ങളോ, ദീർഘചതുരങ്ങളോ ആവും വരയ്ക്കുക. ഇവരുടെ ഓരോ ചലനവും മുൻകരുതലോടുകൂടിയതായിരിക്കും. ദൃഢമനഃസ്ഥിതിക്കാരായ ഇക്കൂട്ടർക്ക് തോല്വിയെന്നത് അപൂർവ്വമായെ ഭവിക്കാറുള്ളൂ. ട്രപീസിയം, ട്രയാങ്കിൾ, പാരലലോഗ്രം തുടങ്ങിയവകളെങ്ങാം വരയ്ക്കുന്നവർക്ക് മുൻപ്രസ്താവിച്ച സ്വഭാവതീക്ഷ്ണത അല്പം കുറയും.

ജീവിതനൗക തുഴഞ്ഞ് ലക്ഷ്യത്തിലെത്തിക്കുവാൻ വെമ്പൽ കൊള്ളുന്നവർ സ്പ്രിംഗ്പോലെയുള്ള ചുരുൾ വൃത്തങ്ങളാണു വരയ്ക്കുക. ഇവർ സന്ദർഭാനുസരണം പ്രവർത്തിക്കുന്നവരത്രെ. രാഷ്ട്രീയനേതാക്കന്മാർ, കച്ചവടക്കാർ എന്നിവരിൽ ഭൂരിപക്ഷവും ഈ വകുപ്പിൽപെടും.

പൂക്കളോ, സാദൃശ്യങ്ങളോ വരയ്ക്കുന്നവർ കലാവാസനയും ആത്മവിശ്വാസവുമുള്ളവരായിരിക്കും. തനിമയുള്ള ഇക്കൂട്ടർ സ്വന്തം മാർഗ്ഗത്തിൽ വ്യാകുലപ്പെടാതെ ചരിക്കുന്നശീലക്കാരുമായിരിക്കും. പെട്ടെന്ന് വികാരഭരിതരാവുകയെന്നതാണിവരുടെ പ്രധാന ന്യൂനത.

എന്തും തുറന്നു സംസാരിക്കുന്നവർ നേർവരകളാണ് വരയ്ക്കുക. പലയിടത്തേയ്ക്കും അലക്ഷ്യമായാവും ഈ വരകൾ. ജീവിതത്തെ വളരെയൊന്നും മനസ്സിലാക്കുവാൻ ശ്രമിക്കാത്തവരും, വല്ലതുമൊക്കെ ഗൗരവം ഗണിക്കാതെ സംസാരിച്ച് മറ്റുള്ളവരുടെ വിദ്വേഷം സമ്പാദിക്കുന്നവരുമാണിവർ. ശുദ്ധഗതിക്കാരെന്ന വിശേഷണം ഈ വിഭാഗക്കാർക്ക് നല്ലവണ്ണം യോജിക്കും.

മാരകായുധങ്ങൾ വരക്കുന്നവർ ക്രൂരസ്വഭാവവും, പകരം വീട്ടുന്ന മനഃസ്ഥിതിയുമുള്ളവരായിരിക്കും. കത്തി, കഠാര, തോക്ക്, ചാട്ട തുടങ്ങിയവയോ അവയുടെ ഏകദേശരൂപങ്ങളോ ആവും ഇവരുടെ രചനകൾ. ക്രൂരതയിലെ ആനന്ദംകണ്ട് സായൂജ്യമടയുന്ന ഇക്കൂട്ടരുടെ പക്കൽ ആയുധങ്ങളുള്ളപ്പോൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മനോനിയന്ത്രണവും ദീർഘദൃഷ്ടിയും ഇവർക്കപൂർവ്വമായിരിക്കും. (ഇവർ മനോനിയന്ത്രണം ശീലിക്കുന്നതുത്തമം)

പലതും മേൽവേർതിരിച്ചു കാണിച്ചവയിൽ പലതും കൂട്ടിക്കലർത്തി വരക്കുന്നുവെങ്കിൽ അനുപാതമനുസരിച്ച് സ്വഭാവവും വ്യത്യാസപ്പെട്ടിരിക്കും.

മനുഷ്യരിൽ സ്വഭാവമുണ്ടാകുകയെന്നത് ഒരു നഗ്നസത്യംമാത്രമാണ്. അതിനെ മെരുക്കിയെടുക്കുകയെന്നതാണ് വിവേകശാലിയായ മർത്ത്യന്റെ കർത്തവ്യം. അതിനാകട്ടെ, തന്നെ സ്വയം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒപ്പം മറ്റുള്ളവരെയും. അതിനാൽ അതിബൃഹത്തായ മനഃശാസ്ത്രം-മനുഷ്യനെ ''ഹിപ്നോസിസി''നു വിധേയനാക്കി ശസ്ത്രക്രിയപോലും നടത്താമെന്നുവരെ പുരോഗമിച്ച മനഃശാസ്ത്രം— വെറും മാന്ത്രികരുടെയോ, മാനസികചികിത്സകരുടെയോ, ഏതാനും തത്പരകക്ഷികളുടെയോ കുത്തകയാക്കാതെ പ്രഥമപാഠങ്ങളെങ്കിലും പഠിച്ച് തന്നെയും, മറ്റുള്ളവരെയും നേരായവിധത്തിൽ മനസ്സിലാക്കുവാൻ ശ്രമിക്കുകയെന്നത് നല്ലകാര്യമാണ്. ഇത് വ്യക്തിയുടെയും തദ്വാരാ ലോകത്തിന്റെയും അഭ്യുന്നതിക്ക് നിദാനമാവും.

# 'അവൾ അല്പം വൈകിപ്പോയി'

GIRIJA G.
I B. Sc. (Zoology)



വൃക്ഷത്തിന്റെ കൊമ്പിലിരുന്നുകൊണ്ട് രണ്ടു കുരുവികൾ ചിലയ്ക്കുന്നതു കണ്ടപ്പോൾ ബാബു ഓർത്തു .. 'അവൾ വരില്ലേ?'

ഈ കുരുവികളെപ്പോലെ മനുഷ്യരും സ്വതന്ത്രരായിരുന്നെങ്കിൽ! തനിക്ക് അവസാനമായിട്ടെങ്കിലും ഇന്ന് അവളെ കാണുവാൻ സാധിച്ചിരുന്നെങ്കിൽ! അവൾ വരില്ലേ? അങ്ങനെ പലതും ഓർത്ത് അയാൾ മയങ്ങിപ്പോയി.

'അതാ—ആരോ ഒരാൾ വരുന്നുണ്ടല്ലോ? അതെ അവൾതന്നെ. അവൾ! തന്റെ റാണി വന്നു. തന്റെ പ്രിയപ്പെട്ടവൾ വന്നു.'

'നേഴ്സ്' വന്നു കുലുക്കിവിളിച്ചപ്പോൾ ബാബു ഞെട്ടിയുണർന്നു. എവിടെ? എവിടെ, അവൾ എവിടെ? അയാൾ കണ്ണുമിഴിച്ച് കാണാത്ത എന്തിനേയോ തിരക്കി. റാണിയായിരിക്കും തന്നെ വിളിച്ചതെന്ന് ആ പാവം വിചാരിച്ചു. അയാൾ കണ്ണുതിരുമ്മി അവിടെയെല്ലാം നോക്കി. ഇല്ല, അവൾ വന്നില്ല. അയാളുടെ മുഖം മ്ലാനമായിപ്പോയി.
'എന്താണ്?' 'ആരെയാണ് ബാബു തിരക്കുന്നത്?'

ബാബു ഒരു ഭ്രാന്തനെപ്പോലെ ആവേശഭരിതനായി ചോദിച്ചു.

'അ—അവൾ—അവളെവിടെ സിസ്റ്റർ?'
'അവളോ?' ഓ— ബാബു സ്വപ്നം കാണുകയായിരുന്നു അല്ലേ?

പരിസരബോധമുണ്ടായപ്പോൾ അയാൾ പറഞ്ഞു. 'അതെ സിസ്റ്റർ. ഞാൻ സ്വപ്നംകണ്ടതാണ്. എന്നെന്നും ഞാൻ കാണാൻ കൊതിച്ച അവൾ വന്നെന്നു ഞാൻ സ്വപ്നം കണ്ടു. പക്ഷെ അത് വ്യാമോഹമായിരുന്നു. അവളെ മാത്രം പ്രതീക്ഷിച്ചു കിടക്കുകയാണു സിസ്റ്റർ ഞാൻ. ഞാൻ ആശുപത്രിയിലാണെന്ന് അറിഞ്ഞാലുടൻ അവൾ ഇവിടെ പാഞ്ഞെത്തും സിസ്റ്റർ. എനിക്കവളെക്കാണാൻ പറ്റുമോ സിസ്റ്റർ? ഒരുപക്ഷെ—
അയാൾക്കത് മുഴുമിപ്പിക്കാൻ സാധിച്ചില്ല. അത്രത്തോളം അയാൾ തളർന്നുകഴിഞ്ഞിരുന്നു.

'അവൾ വരും ബാബു. ബാബു വിഷമിക്കാതെ കിടക്കൂ.' സിസ്റ്റർ അയാളുടെ 'ടെമ്പറേച്ചർ' നോക്കി. അവർ തുടർന്നു: 'ബാബു ഇങ്ങനെ വിഷമിച്ചാൽ പനി ഇനിയും കൂടുതലാകും. നാളെയല്ലേ 'ഓപ്പറേഷൻ' അതിനുമുമ്പ് അവൾ വരാതിരിക്കില്ല. ബാബു വിഷമിക്കാതെ കിടന്നുറങ്ങൂ. ഇപ്പോൾ വേദനയെങ്ങനെയിരിക്കുന്നു'?

'ഓ വയറുവേദന, അല്പം കുറവുണ്ട്. പക്ഷെ എനിക്കിപ്പോൾ ഹൃദയവേദനയാണ് സിസ്റ്റർ സഹിക്കാൻ വയ്യാത്തത്. ഒരുപക്ഷെ 'ഓപ്പറേഷൻ' കഴിഞ്ഞ് ഞാൻ ജീവിച്ചില്ലെങ്കിൽ എനിക്കവളെ കാണാൻ സാധിക്കുമോ സിസ്റ്റർ? പിന്നെ അവളുടെ സ്ഥിതി എന്തായിരിക്കുമെന്ന് എനിക്കാലോചിക്കാൻകൂടി വയ്യ സിസ്റ്റർ.'

അയാൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ഏങ്ങിയേങ്ങിക്കരഞ്ഞു. അയാളുടെ ദുഃഖം കണ്ടപ്പോൾ അവരുടെ കണ്ണുകളും നിറഞ്ഞുപോയി. ഡോക്ടർ രാമചന്ദ്രൻ പറഞ്ഞത്

# ELIZABETH NUNAZ

I B.A. Economics



......nipped in the bud.

Born : 22—2—1955

Died : 20—2—1976

അവരോർത്തു. 'ബാബുവിനു കാൻസറാണ്. ഇനി രക്ഷപ്പെടുമെന്ന് തോന്നുന്നില്ല. പക്ഷെ എന്റെ പരമാവധി ഞാൻ ശ്രമിക്കും. ഓപ്പറേഷനായിരിക്കും നല്ലത്.' ഡോക്ടർ രാമചന്ദ്രൻ പ്രസിദ്ധികേട്ട ഡോക്ടറാണ്. അദ്ദേഹം പറഞ്ഞാൽ അതു തെറ്റാറില്ല. അദ്ദേഹം പരമാവധി ശ്രമിക്കുകയും ചെയ്യും. പാവം ബാബു! മനസ്സമാധാനത്തോടെ മരിക്കുവാനെങ്കിലും അനുഗ്രഹിക്കണമേ! എന്ന് അവർ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. കരയുന്ന ബാബുവിനെ സമാധാനിപ്പിക്കാൻവേണ്ടി സിസ്റ്റർ അഭിനയിച്ചു.

'അയ്യേ! എന്താണു ബാബു ഈകാണിക്കുന്നത്. നാണമില്ലേ കൊച്ചുകുഞ്ഞിനെപ്പോലെ ഇരുന്നു കരയാൻ. 'ഇഞ്ചിനീയറിംഗ്' വിദ്യാർത്ഥിയായ ബാബുവിന് ഇത്ര മനക്കരുത്തില്ലേ? ബാബു മരിക്കുമെന്ന് ആരുപറഞ്ഞു. നാളത്തെ ഓപ്പറേഷൻ കഴിഞ്ഞാൽ പിന്നെ നല്ല സുഖമായിട്ടു ബാബുവിനിരിക്കാമല്ലോ.'

'ഇല്ല സിസ്റ്റർ! എന്നെ സമാധാനിപ്പിക്കാൻ നിങ്ങൾ ഇതൊക്കെ പറയും. പക്ഷെ എനിക്കറിയാം 'എന്റെ നിമിഷങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു.' അതിനുമുമ്പ് അവളെ കാണാൻ സാധിച്ചാൽ എനിക്കു സമാധാനത്തോടെ മരിക്കാമായിരുന്നു സിസ്റ്റർ!'

'ബാബു-അതുമിതും ആലോചിച്ച് മനസ്സു പുണ്ണാക്കാതിരിക്കൂ.... അവൾ വരും. ഞാനവളെ അറിയിക്കാം, ബാബു അഡ്രസ്സു തന്നാൽ മതി. അവൾ നാളെ കാലത്തിവിടെ എത്തും. ഇനി വിഷമിക്കാതെ കിടന്നുറങ്ങൂ ബാബു.'

അവർ സ്നേഹമുള്ള ഒരമ്മയുടെ അധികാരത്തോടെ ശാസിച്ചു. അവളുടെ അഡ്രസ്സും കൊണ്ട് അവർ 'ലേബർ റൂമി'ലേക്കുപോയി. അപ്പോൾ തന്നെ അവർ ഒരു 'ലെറ്റർ' അവൾക്കയച്ചു.

പിറ്റെദിവസം രാവിലെ സിസ്റ്റർ ബാബുവിന്റെ 'ബെഡ്ഡി'നരികിലേയ്ക്കു ചെന്നു. അപ്പോൾ ബാബു ജനലിൽക്കൂടി മുറ്റത്തുള്ള വൃക്ഷത്തിലേയ്ക്കു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. സിസ്റ്റർ ബാബുവിന്റെ പുറകിലായിരുന്നതിനാൽ അവർ വന്നത് ബാബു അറിഞ്ഞതേയില്ല. സിസ്റ്റർ അയാളെ സൂക്ഷിച്ചു നോക്കി. ബാബുവിന്റെ നിഷ്കളങ്കസ്നേഹത്തിന്റേതായ ദുഃഖം നിറഞ്ഞ മുഖം കണ്ടപ്പോൾ അവരുടെ മനസ്സുലഞ്ഞുപോയി. മനുഷ്യന്റെ ദുർവിധിയെപ്പററി ചിന്തിച്ചപ്പോൾ അവർക്ക് ഈ ലോകത്തോടുതന്നെ വെറുപ്പുതോന്നി. അവർ വിളിച്ചു.

'ബാബു!'

ബാബു തന്റെ സ്മരണയിൽനിന്നും ഞെട്ടിയുണർന്നു. അതേ സ്വരം! അവളായിരിക്കുമോ? തന്നെക്കാണാൻ വന്ന അവൾ!

അയാൾ ആത്മനിർവൃതിയോടെ തിരിഞ്ഞുനോക്കി. തനിക്ക് തെററുപററിയെന്നു മനസ്സിലായപ്പോൾ അയാൾക്ക് സങ്കടംതോന്നി.

സിസ്റ്റർ ചോദിച്ചു—

'ബാബു എന്തിനാണ് കരഞ്ഞത്?'

'ഞാനോ? ഞാൻ കരഞ്ഞില്ല.'

ബാബു മുഖം മായ്ക്കുവാൻ ശ്രമിക്കുകയായിരുന്നു.

'ബാബു എന്നോടു കള്ളംപറയാൻ ശ്രമിക്കുകയാണ് അല്ലേ? എനിക്കു മനസ്സിലാകുന്നുണ്ട് ബാബുവിന്റെ വിഷമങ്ങൾ. വിഷമിക്കാതിരിക്കൂ ബാബൂ. അതു പോട്ടെ! ഇന്ന് ബാബുവിന്റെ ദേഹം ഒന്നു 'ഷേവ്' ചെയ്യണം. ഓപ്പറേഷൻ ചെയ്യാനുള്ളതല്ലേ.

'അപ്പോൾ സിസ്റ്റർ! അവൾ വന്നില്ലല്ലോ? അവൾ വന്നിട്ടു പോരെ?' അയാൾ വിഷാദാകുലനായി.

'അവൾ വരും ബാബു. ഉടനെ വരാൻ ഞാൻ എഴുതിയിട്ടുണ്ട്. അതിനുള്ളിൽ നമുക്ക് റെഡിയായിരിക്കാം.'

മനസ്സില്ലാമനസ്സോടെ ബാബു അതിനു വഴങ്ങി. അപ്പോൾ അയാളുടെ മനസ്സു നീറുകയായിരുന്നു. അവൾ വന്നില്ലല്ലോ?

കൃത്യം പത്തുമണിക്കാണ് ഓപ്പറേഷൻ! മണി ഒമ്പതായി. അയാൾ വാച്ചു നോക്കിക്കിടപ്പാണ്. പക്ഷെ താൻ കാത്തിരുന്ന കിളി മാത്രം വന്നണഞ്ഞില്ല. അയാളുടെ ഹൃദയമിടിപ്പുകൾ വർദ്ധിച്ചു. അത് വ്യക്തമായി അയാൾക്കുതന്നെ കേൾക്കാമായിരുന്നു. അയാളുടെ ചിന്തകൾ പമ്പകടന്നു. 'അവൾ വരില്ലേ? തനിക്കവളെ അവസാനമായിട്ടെങ്കിലും ഒന്നു കാണാൻ സാധിക്കില്ലേ? ഇല്ല. അവൾ വരില്ല. തനിക്കവളെ കാണാൻ സാധിക്കില്ല. തന്റെ വിധി ഇതായിരിക്കാം.' എന്തു ചെ

യ്‌തിട്ടും അയാൾക്ക്‌ സങ്കടം അടക്കാൻ സാധിച്ചില്ല. അയാൾ വിതുമ്പിക്കരഞ്ഞു.

ഇതു കണ്ടുകൊണ്ടുനിന്ന സിസ്‌ററുടെ കണ്ണുകൾ നിറഞ്ഞു. ബാബു ഓപ്പറേഷൻ തിയേററിലേയ്‌ക്ക്‌ ആനയിക്കപ്പെട്ടു. അയാളുടെ കണ്ണുകൾ അപ്പോഴും ആരേയോ തിരയുന്നുണ്ടായിരുന്നു. അയാളുടെ മനസ്സു മന്ത്രിച്ചു.–

'ഇല്ല. അവൾ വന്നില്ല!

മടുവിൽ നീറുന്ന മനസ്സോടെ അയാൾ 'ബെഡ്‌ഡി'ൽ കയറിക്കിടന്നു. കൃത്യം പത്തുമണിയടിച്ചപ്പോൾ കത്തികളുടേയും കത്രികകളുടേയും സീൽക്കാരശബ്‌ദം കേട്ടു തുടങ്ങി. തുടർന്നു രണ്ടുമണിക്കൂർ ആ വാതിൽ അടഞ്ഞു കിടന്നു....

തന്റെ പ്രിയപ്പെട്ട ചേട്ടന്റെ വിവരം അറിഞ്ഞ ഉടൻതന്നെ അവൾ പാഞ്ഞു. തനിക്ക്‌ ചിറകുണ്ടായിരുന്നെങ്കിൽ എന്ന്‌ അവൾ ആത്‌മാർത്‌ഥമായി ആഗ്രഹിച്ചു. പക്‌ഷെ ആശുപത്രിയിലെത്തിയപ്പോൾ അവൾ വൈകിപ്പോയിരുന്നു.

അവളുടെ പ്രിയപ്പെട്ട ചേട്ടൻ 'ഓപ്പറേഷൻ തിയേററിലാണ്‌'. 'ഇനി 'ഓപ്പറേഷൻ' കഴിഞ്ഞ ശേഷമേ കാണാൻ സാധിക്കൂ....

അവൾ കണ്ണീരോടെ അക്‌ഷമയായി വാതുക്കൽ കാത്തുനിന്നു. ഓരോ നിമിഷവും ഓരോ യുഗമായി അവൾക്കനുഭവപ്പെട്ടു. എല്ലാവരും അവളെ സഹതാപത്തോടെ വീക്‌ഷിക്കുന്നുണ്ടായിരുന്നു. തന്റെ ചേട്ടന്‌ ആപത്തും സംഭവിക്കല്ലേ എന്നവൾ ദൈവത്തോടു പ്രാർത്‌ഥിച്ചു.

അവസാനം കതകു തുറക്കപ്പെട്ടു. ഡോക്‌ടറും മററു സഹായികളും പുറത്തുവന്നു. അവരെ തള്ളിമാററി അവൾ ഒരു ഭ്രാന്തിയെപ്പോലെ കട്ടിലിനടുത്തേയ്‌ക്കു പാഞ്ഞു. അവിടെ ബാബുവിന്‌ അല്‌പമെങ്കിലും ആശ്വാസം പകർന്നിരുന്ന സിസ്‌ററർ ഉണ്ടായിരുന്നു. അവർ ചോദിച്ചു–

നിങ്ങളാണോ ബാബു പറയാറുള്ള റാണി?'

'അതെ.' എന്റെ ചേട്ടനെങ്ങനെയുണ്ട്‌ സിസ്‌ററർ?' അവൾ ഒറവശ്വാസത്തിൽ ഇത്രയും പറഞ്ഞു തീർത്തു.

'ഇപ്പോഴൊന്നും പറയാൻ പററില്ല. ബോധം വീണുകഴിഞ്ഞിട്ടു തീർത്തു പറയാമെന്നാണ്‌ ഡോക്‌ടർ പറഞ്ഞിരിക്കുന്നത്‌. എന്തായാലും പേടിക്കാനൊന്നുമില്ല.'

അവൾ ബാബുവിനെ നോക്കിക്കൊണ്ട്‌ ഒരു ജീവച്ഛവംപോലെ നിന്നു. നിഷ്‌കളങ്കമായ ആ മുഖത്ത്‌ ദുഃഖത്തിന്റേതായ ഒരു നിഴലവൾ കണ്ടു. തന്നെ കാത്ത്‌ ചേട്ടൻ വിഷമിച്ചു കാണും. ഭാഗ്യദോഷിയായ തന്നെത്തന്നെ അവൾ ശപിച്ചു.

രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ ബാബു കണ്ണു തുറന്നു. സിസ്‌ററും റാണിയും അക്‌ഷമരായി അവന്റെ ചലനവും പ്രതീക്‌ഷിച്ചു നില്‌പാണ്‌. ബാബു എന്തോ ചോദിച്ചു. പക്‌ഷെ വാക്കുകൾ പുറത്തു വന്നില്ല. ബോധം അററുപോയിട്ടും ആ കണ്ണുകൾ എന്തോ തിരയുന്ന ഭാവമായിരുന്നു. പക്‌ഷെ ഒന്നും കാണുന്നില്ല. എവിടെയും അന്‌ധകാരം. താൻ കിടക്കുന്ന ഭൂമിതന്നെ തലകീഴായി മറിയുന്നതുപോലെ ബാബുവിന്‌ അനുഭവപ്പെട്ടു. അയാൾ വെള്ളം ആവശ്യപ്പെട്ടു. വിറയ്‌ക്കുന്ന കൈകളോടെ റാണി ബാബുവിന്‌ വെള്ളംകൊടുത്തു. ആ വെള്ളം ഇറക്കുവാൻ കൂടി ബാബുവിന്‌ കഴിവില്ലായിരുന്നു. അയാളുടെ കണ്ണിൽനിന്നും അശ്രുക്കൾ ധാരധാരയായൊഴുകി. ഇതെല്ലാം കണ്ടുനിന്ന അവൾ പൊട്ടിക്കരഞ്ഞുപോയി.

'ചേട്ടാ! ഇതാ ഞാൻ വന്നു ചേട്ടാ. ചേട്ടന്റെ റാണിവന്നു. ഒന്നു നോക്കൂ ചേട്ടാ.'

പക്‌ഷെ അവളെ നോക്കാനോ അവളുടെ വാക്കുകൾ കേൾക്കാനോ ബാബു ഉണ്ടായിരുന്നില്ല. അപ്പോഴേയ്‌ക്കും അയാളുടെ ജീവൻ ഈ ലോകത്തോട്‌ യാത്രപറഞ്ഞു കഴിഞ്ഞിരുന്നു. ആ സ്‌നേഹധനന്റെ ജഡത്തിൽ കെട്ടിപ്പിടിച്ചുകൊണ്ട്‌ അവൾ വിലപിച്ചു. ഇതു കണ്ടുനിന്ന സിസ്‌ററർക്കും ദുഃഖം അടക്കുവാൻ കഴിഞ്ഞില്ല. ബാബുവിന്റെ ആത്‌മാവിനു നിത്യശാന്തിനേർന്നുകൊണ്ട്‌ അവർ 'ലേബർറൂ' മിലേയ്‌ക്കുപോയി.

അപ്പോഴും വൃക്‌ഷത്തിലിരുന്നുകൊണ്ട്‌ പക്‌ഷികൾ ചിലയ്‌ക്കുന്നുണ്ടായിരുന്നു. പക്‌ഷെ ആ ശബ്‌ദത്തിലും വിഷാദം കലർന്നിരുന്നോ എന്തോ?

# പതിനായിരം വ്യവസായങ്ങളും ചെറുകിട വ്യവസായ വികസന കമ്മീഷനറേററും

SANKARDAS K. R.
II B. A. Economics

**കേ**രളത്തിന്റെ സാമ്പത്തികസാമൂഹ്യമേഖലകളിൽ പടർന്നുപിടിച്ചിരിക്കുന്ന അസ്വസ്ഥതകളുടെ മൂലകാരണം തൊഴിലില്ലായ്മയും, ജനപ്പെരുപ്പവുമാണ്. വ്യവസായവൽക്കരണം ഒന്നുമാത്രമാണ് ഈ അസ്വസ്ഥതകൾ പരിഹരിക്കുന്നതിനുള്ള പോംവഴി. പതിനായിരക്കണക്കിനു വിദ്യാസമ്പന്നരായ യുവജനങ്ങൾ തൊഴിലില്ലാതലയുമ്പോൾ, ഭാരിച്ച മൂലധനച്ചെലവിൽ, ജോലിസാദ്ധ്യതകൾ കുറഞ്ഞിരിക്കുന്ന വൻകിടയന്ത്രവൽകൃതവ്യവസായങ്ങൾ സ്ഥാപിക്കുന്നത് ആശാസ്യമല്ല. ഇത് ഇന്നു നിലവിലുള്ള സ്ഫോടനാത്മകമായ അന്തരീക്ഷത്തെ കൂടുതൽ വഷളാക്കുവാനേ സഹായിക്കൂ. അതുകൊണ്ട് മൂലധനച്ചെലവു കുറവും ജോലിസാദ്ധ്യത കൂടുതലുമുള്ള ചെറുകിടവ്യവസായങ്ങൾ സ്ഥാപിക്കുന്നതാണ് ഉചിതം. ഈ വസ്തുത കണക്കിലെടുത്താണ് വ്യവസായവികസന കമ്മീഷണറേററ് തീവ്രവ്യവസായവൽക്കരണപരിപാടി തയ്യാറാക്കുന്നത്.

കമ്മീഷണറേററിന്റെ പ്രധാന ലക്ഷ്യങ്ങൾ, അടുത്ത നാലു വർഷത്തിനകം (75 ഏപ്രിൽ 1 മുതൽ) പതിനായിരം പുതിയ വ്യവസായ യൂണിററ് യഥാക്രമം ഒന്നാംവർഷം ആയിരവും രണ്ടാംവർഷം രണ്ടായിരവും മൂന്നാം വർഷം മൂവായിരവും നാലാം വർഷം നാലായിരവും സ്ഥാപിക്കുക എന്നതും, പീഡിതവിഭാഗത്തിൽപ്പെട്ട രണ്ടായിരത്തഞ്ഞൂറു യൂണിററുകളെ ഉദ്ധരിക്കയും ആണ്. ഈ രണ്ടു ലക്ഷ്യങ്ങൾ നേടുന്നതിന് മൊത്തം 107.5 കോടി രൂപാ ആവശ്യമാണ്. ഒരു യൂണിററിന് ഒരു ലക്ഷം രൂപാ എന്ന കണക്കിന് 10000 യൂണിററുകൾക്ക് വേണ്ട നൂറുകോടി രൂപയിൽ 10 ശതമാനം വ്യവസായസംരംഭകരിൽനിന്നും പത്തുശതമാനം ഗവണ്മെൻറിന്റെ വിവിധവായ്പകളിൽനിന്നും കിട്ടും. ബാക്കി വരുന്ന 80 ശതമാനം തുക വിവിധ കമേഴ്സ്യൽ ബാങ്കുകളിൽനിന്നും മററു ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ആയി സ്വരൂപിക്കുവാനാണുദ്ദേശ്യം. പീഡിതവിഭാഗത്തിൽപെട്ട രണ്ടായിരത്തഞ്ഞൂറു യൂണിററുകളുടെ പുനരുദ്ധാരണത്തിനു വേണ്ട 7.5 കോടി രൂപാ (ഒന്നിന് 30000) മുകളിൽപ്പറഞ്ഞ അതേ അനുപാതത്തിൽ രൂപീകരിക്കുവാനാണ് കമ്മീഷൻ ഉദ്ദേശിക്കുന്നത്.

വ്യവസായികളുടെ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കുന്നതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സാങ്കേതികപ്രശ്നങ്ങളുടെ നിവാരണവും. പല സംരംഭങ്ങൾക്കും ബാങ്കുകൾ വായ്പ നല്കുവാൻ വിസമ്മതിക്കുന്നത് നല്ല നിലയിൽ പ്രവർത്തിപ്പിക്കാവുന്ന പ്രോജക്ട് റിപ്പോർട്ടുകളുടെ അഭാവം നിമിത്തമാണ്. കേരളത്തിന്റെ വിവിധഭാഗങ്ങളിലായി കിടക്കുന്ന പ്രകൃതിവിഭവങ്ങളെക്കുറിച്ചും, ഓരോ പ്രദേശത്തും ഏതെല്ലാം വ്യവസായങ്ങളാണ് ലാഭകരമായി നടത്താവുന്നത് എന്നതിനെക്കുറിച്ചും നമ്മുടെ വ്യവസായികൾ അജ്ഞരാണ്.

വ്യവസായസ്ഥാപനങ്ങൾക്ക് മിതമായ വിലയ്ക്ക് യഥാസമയം അസംസ്കൃതപദാർത്ഥങ്ങൾ ലഭിക്കത്തക്ക ഒരു സംവിധാനം ഇന്നില്ല. യന്ത്രസാമഗ്രികളുടെ പർച്ചേസു വ്യവസ്ഥിതിയെയും വ്യവസായം മാനേജുചെയ്യുന്നതിനെയും കുറിച്ചു വേണ്ടത്ര പരിജ്ഞാനം പല വ്യവസായസംരംഭകർക്കും ഇല്ല. ഇതുപോലെ തന്നെ ആവശ്യമായ സാധനങ്ങൾ ഇറക്കുമതി ചെയ്യുവാനും, ഉല്പന്നങ്ങൾ കയററി അയക്കുവാനും കമ്പോളം പിടിച്ചെടുക്കുവാനും, നവീനപ്രചാരണ തന്ത്രങ്ങൾ ആവിഷ്കരിക്കുവാനും നമ്മുടെ സംരംഭകർ വളരെ അധികം ബുദ്ധിമുട്ടുന്നുണ്ട്. ഇവയ്ക്കു പരിഹാരം കാണുവാൻ വിവിധപ്രശ്നങ്ങളിൽ പരിചയം സിദ്ധിച്ചവരുടെ സഹായം വ്യവസായികൾക്ക് ലഭിക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വ്യവസായവൽക്കരണം പുരോഗമിക്കില്ല. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടാണ് വ്യവസായവികസനകമ്മീഷണറേററ് സാ

ങ്കേതികവിദഗ്ധർ അടങ്ങിയ പന്ത്രണ്ട് പ്രത്യേകഡിവിഷനുകൾ രൂപീകരിക്കുന്നത്. (1) റിസർച്ച് ആൻറ് ഡെവലപ്പ്മെൻറു ഡിവിഷൻ (2) ഇൻഡസ്ട്രിയൽ ആൻറ് ഇൻഫ്രാസ്ട്രക്ചർ ഡിവിഷൻ (3) പ്രൊഡക്ഷൻ ഡിവിഷൻ (4) അസംസ്കൃതവസ്തു ഡിവിഷൻ (5) ഫിനാൻസ് ഡിവിഷൻ (6) ടെക്നിക്കൽ കൺസൾസി ഡിവിഷൻ (7) ആൻട്രപ്രണർ ഡെവലപ്മെൻറു ഡിവിഷൻ (8) ഇംപോർട്ട് ആൻറ് എക്സ്പോർട്ട് ഡിവിഷൻ (9) മാർക്കററിംഗ് ആൻറ് ആൻസിലറീസ് ഡിവിഷൻ (10) സിക്കുയൂണിററു ഡിവിഷൻ (11) ഇൻഫർമേഷൻ ആൻറ് പബ്ളിസിററി ഡിവിഷൻ.

നാടിൻെറ പുരോഗതിയെ വിസ്മരിച്ചുകൊണ്ട് ഏതാനും ചില പട്ടണങ്ങളിലും പ്രത്യേക പ്രദേശങ്ങളിലും വ്യവസായങ്ങൾ കേന്ദ്രീകരിക്കുന്നതിനെ തടഞ്ഞ് അവയെ ഗ്രാമതലങ്ങളിലേയ്ക്ക് തിരിച്ചു വിടുവാൻ കമ്മീഷണറേററ് ശ്രമിക്കുന്നുണ്ട്. 75 ഏപ്രിൽ ഒന്നുമുതൽ നവംബർ 22 വരെ രജിസ്ററർ ചെയ്തിട്ടുള്ള 600 യൂണിററുകളിൽ ഭൂരിഭാഗവും ഗ്രാമതലത്തിലുള്ള ഇൻഡസ്ട്രിയൽ എസ്റേററുകളിലാണ് സ്ഥാപിക്കുന്നത്. വ്യവസായവൽക്കരണംവഴി നാടിൻെറ പുരോഗതി കൈവരിക്കുവാൻ ഈ നടപടി സഹായകമാണ്. സാമ്പത്തികക്ലേശം അനുഭവിക്കുന്ന വ്യവസായകുതുകികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൂടുതൽ വായ്പ നല്കി അവരെ കമ്മീഷൻ സഹായിക്കും. ഈ രണ്ടു നടപടിയും പുതിയ സംരംഭത്തിൻെറ വിജയസാദ്ധ്യത വർദ്ധിപ്പിക്കും.

പുതുതായി സ്ഥാപിക്കുന്ന വ്യവസായയൂണിററുകളിൽ നല്ലൊരു ശതമാനം FACT, HMT, KSRTC പ്ളാൻേറഷൻ കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങൾക്കുവേണ്ട വസ്തുക്കൾ നിർമ്മിക്കുന്നവയാണ്. ഈ സ്ഥാപനങ്ങളുടെ സഹകരണം ഇല്ലെങ്കിൽ ഈ യജ്ഞം വിജയിക്കുകയില്ല. KSRTC ടയറുകൾ റിട്രാഡിംഗിന് മദ്രാസിലും മററും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് ടെൻഡർ നല്കുന്നത്. നമ്മുടെ കേരളത്തിലെ സ്ഥാപനങ്ങളെ മന:പൂർവ്വം തഴഞ്ഞുകൊണ്ടാണ് ഇതു ചെയ്യുന്നത്. വിവിധ ഗവൺമെൻറാഫീസ്സുകൾക്കുവേണ്ട ഫർണിച്ചർ നല്കുവാൻ തയ്യാറുള്ള പല സ്ഥാപനങ്ങളും കേരളത്തിലുണ്ട്, അവയുടെ ഉല്പന്നങ്ങൾ ക്വാളിററി കുറഞ്ഞവയുമല്ല. എങ്കിലും ബോംബേയിലും കൽക്കട്ടയിലും നിർമ്മിച്ച അലമാരകളും കസേരകളും വാങ്ങുന്നതാണ് നമ്മുടെ ഓഫീസർമാർക്കിഷ്ടം. ഈ രീതികൾ എത്രയും വേഗം അവസാനിപ്പിക്കേണ്ടത് വ്യവസായവിപ്ളവത്തിൻെറ വിജയത്തിനാവശ്യമാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ടവരെക്കൊണ്ട് പരിഹരിക്കുവാൻ കമ്മീഷണറേററ് ശ്രമിക്കേണ്ടതുണ്ട് എങ്കിൽ മാത്രമേ വ്യവസായ വിപ്ളവം ഉദ്ദേശിക്കുന്നതുപോലെ വിജയിക്കുകയുള്ളൂ.



# ‘മോചനംകാത്ത്’



P. S. RAJENDRA PRASAD
II B. Sc. Chemistry

അജ്ഞാതഗഹ്വരങ്ങളുടെ ആഴങ്ങളിലേയ്ക്ക് വിശ്രാന്തിതേടിപ്പോകുന്ന പ്രപഞ്ചം. അതിന് അന്ത്യോപഹാരമർപ്പിക്കാൻ കാത്തുനിന്ന കാർത്തികപ്പൂവുകൾ അനന്തതയിൽനിന്നുകൊണ്ടൊന്നു ചിമ്മി. ആ നിഴൽപ്പരപ്പിൽ തളംകെട്ടിനിന്നിരുന്ന മൂകതയിലേയ്ക്കു അയാൾ ചെറുതായൊന്നു കണ്ണോടിച്ചു.

വിശാലമായ വിജനതയുടെ അന്ത്യസീമകൾ! അവിടെ ചേർത്തുവെച്ച കൈക്കുമ്പിളുകളിൽ തുളുമ്പിയ വികാരവായ്പ്. ഒരു നിമിഷവും ദുർബലമാകാതിരിക്കുവാനുള്ള പ്രാർത്ഥന. ആ ദുഃഖം, നിത്യദുഃഖം തനിക്കുണ്ടാകാതിരിക്കാൻ അയാൾ കൊതിച്ചു. താരും തളിരുമണിഞ്ഞ, ശൃംഖലോദ്ഗതമായ തന്റെ സ്വപ്നതരുക്കൾ ഒരു നിമിഷവും വാടിക്കരിയാതിരിക്കാൻ!...വരണ്ട മനസ്സുകളുടെ ഉഷ്ണക്കാറ്റിൽ കരിഞ്ഞു പോകാതിരിക്കാൻ!

കരിമ്പടം പുതച്ച അക്കരപ്പച്ചയിൽ തിളക്കം. ഇവിടെ വെള്ളമണലിൽ ഏതോ നിർവൃതി അയാളെ പിടിച്ചിരുത്തി. ചുവന്ന സന്ധ്യകളുടെ നീർമണമുൾക്കൊള്ളാൻ ഒരിക്കൽകൂടി അയാൾ നിന്നു.

ദാഹാർത്തമായി വരുന്ന കരയുടെ മാത്രകൾ. അവക്കെതിരായി ദൂരസീമകളിൽ നിന്നടുക്കുന്ന രാത്രിയുടെ അസ്ഥികൂടം. അതിൽ പ്രവഹിക്കുന്ന കറുത്ത രക്തത്തിന്റെ സ്പന്ദനാത്മകമായ മുഴങ്ങാത്ത ധ്വനി അയാൾ കേട്ടു—

പക്ഷെ അയാൾക്കു കാണാമായിരുന്നു ആ പുതുരക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള പകലിലെ മജ്ജയും മാംസവും. ഒരു വീർപ്പുമുട്ടുന്ന പകലിന്റെ രോദനം!

കൈ തരിച്ചപ്പോൾ അയാൾ കൈകളിൽ കോരിയെടുത്തു. അമർത്തി. വിരൽവിള്ളലുകളിൽകൂടി അവ താഴെവീണു ചിരിച്ചു. മൺതരികൾ! വെളുത്ത തരികൾ!

''വിഡ്ഢി!'' അട്ടഹാസത്തിന്റെ വിറയ്ക്കുന്ന ഒലികൾ അംഗാരങ്ങൾപോലെ അയാളുടെ കർണ്ണങ്ങളിൽ!

കടിഞ്ഞാണില്ലാതെ, വീണ്ടുവിചാരമില്ലാതെ എന്തും ചെയ്യുമായിരുന്ന തന്റെ കഴിഞ്ഞയുഗത്തിലെ അപകത ഇന്നയാൾക്ക് അപരിചിതം. പുറംപകിട്ടിൽനിന്ന് അതിന്റെ നിഗൂഢതയിലേയ്ക്കു ചുഴ്ന്നിറങ്ങാൻ ഇന്നയാൾ പഠിച്ചു.... വർഷങ്ങൾ തന്നെയെടുത്ത ഒരു തപസ്സിന്റെ സാക്ഷാത്കാരം.

ഒരുവലുത്, പിന്നെ പിന്നെ ചെറിയ തിരമാലകൾ!

അതിനുമപ്പുറം സിഗ്നൽലൈറ്റ്. പാളികൾപോലുള്ള അതിന്റെ വെളിച്ചം തിരകളിലുണർത്തിയ വർണ്ണരാഗങ്ങൾ. ആരോമാഞ്ചത്താൽ ഉയർന്നുതാഴുന്ന അവയുടെ മാർവിടങ്ങൾ...അവിടെ. അതിന്റെ നടുവിൽ അയാൾ ആ മുഖം കണ്ടു! വിടർന്ന ആ വലിയ കണ്ണുകളിൽ ഒരേ ഒരു യാചന.

'കുട്ടാ...ഇനിയെങ്കിലും തിരിച്ചുവരൂ..'

അയാൾ ഞെട്ടിയില്ല. അതിന്റെ ആഴം, വ്യാപ്തി, എല്ലാം അയാൾക്കറിയാമായിരുന്നു. നന്നായിത്തന്നെ. വർണ്ണങ്ങളെപ്പോലെതന്നെ അതും ചെന്നുനിന്നത് പാറക്കൂട്ടങ്ങളിൽ, ചി

താഴികിടക്കുന്ന പാറക്കൂട്ടങ്ങളിൽ! കാററിലും ചുഴിയിലും ഒരു കുലുക്കവുമില്ലാത്തവ! അറിയാതെ ചുണ്ടുകൾ കോടിപ്പോയി. താദാത്മ്യത്തിലെ സാമ്യം. ഏതോ ഒരു കുററബോധം അയാളിലേക്കിരച്ചുകയറിപ്പോൾ അയാൾ മിഴികളടച്ചു. ഒപ്പം ശീതക്കാററിലലിഞ്ഞുചേർന്ന കുറെ മരിച്ച മനവികളും ഉള്ളിയിട്ടുണർന്നു.

വീണ്ടും ഇരുട്ടു നിറഞ്ഞു.

''ഈ തറവാടു തകരുന്നു. കുട്ടാ...''

അയാൾ ഞെട്ടി! വളരെ മുമ്പുള്ള ശബ്ദം! ഒരു വ്യാഴവട്ടത്തിനു മുമ്പുനിന്നും അയാൾ കേട്ട അതേ സ്വരം! കണ്ണാടിവീചികളിൽ നഷ്ടവസന്തങ്ങളുടെ ഒരു പിടിഭാവം ഉയർന്നുവന്നപ്പോൾ സ്വന്തം നിസ്സഹായതയിൽ അയാളിലെ മനുഷ്യൻ എരിപൊരിക്കൊണ്ടു. ദിനംപ്രതി, വർഷംപ്രതി കേട്ട ആ മുഴങ്ങുന്ന ധ്വനികൾ, ആപല്ലവികൾ ആഗ്നേയങ്ങൾപോലെ ഹൃദയത്തിലേയ്ക്ക് ചൂഴ്ന്നിറങ്ങിയപ്പോൾ...... ഹോ!... ഓർക്കാൻ കൂടികഴിയുന്നില്ല.

ഒടുവിൽ, മയങ്ങിയുറങ്ങുന്ന ജനനിയുടെ പാദങ്ങളിൽ ഒററു കണ്ണുനീർ വീഴ്ത്തി പിന്നോക്കം നോക്കാതെ നടന്നു. അതൊരു തുടക്കമായിരുന്നു. മുള്ളുകൾ പാകിയവഴികളിലും ചെളിവിരിച്ച വരമ്പുകളിലും കൂടിയുള്ളയാത്ര....... സ്വപ്നങ്ങളും തേടി.

നിലയ്ക്കാത്ത അന്വേഷണം.

മുന്നിൽ ഒരു ലക്ഷ്യം 'തറവാടിനെ രക്ഷിക്കണം....'

ചിതലുകളുടെ കൊട്ടാരംപോലെ തകർന്നുവീണ സ്വപ്നങ്ങളുടെ അടിവാരങ്ങളിൽ നിന്നും ആ ആജ്ഞ മനസ്സിൽ, മസ്തിഷ്കത്തിൽ ധൈര്യം വിതച്ചു. രോമകൂപങ്ങളിൽ കൂടി സ്വേദകണങ്ങൾ പരതി.

മൈലുകൾക്കപ്പുറത്ത് ഒരിടത്ത് അയാൾ നിന്നു.

മുന്നിൽ തീർത്ഥം !

വഴികാട്ടിയോട്, തന്റെ പ്രാണസ്നേഹിതനോട്, നിറഞ്ഞമിഴികൾകൊണ്ടുമാത്രം കൃതജ്ഞത പ്രകടിപ്പിച്ചു. കടലോരത്തുള്ള കെട്ടിടത്തിൽ എട്ടുമണിക്കൂർ ചെലവഴിക്കുന്ന ജീവിതം. സിരകളിൽകൂടിപുതുരക്തം ഒഴുകിത്തുടങ്ങിയപ്പോൾ അയാളിലെ ഉന്മേഷം ഇരട്ടിച്ചു. പ്രതീക്ഷകൾക്ക് ഫണമുയർത്താൻ കഴിയുന്ന യാമങ്ങൾ....ഉയർച്ചക്കുവേണ്ടി ശ്രമം തുടർന്നു ...വിജയം അയാൾക്കുവേണ്ടി തുറക്കാത്ത വാതിൽ തുറന്നിട്ടു.

ഒടുവിൽ, വർഷങ്ങൾക്കുശേഷം ഒരു ജേതാവിനെപ്പോലെ തിരിച്ചു സ്വന്തം മണ്ണിലേയ്ക്ക്. മോചനം കിട്ടിയമനസ്സിന്റെ വീണകളിലെ കമ്പികൾ മീട്ടിക്കൊണ്ട്. പടിക്കൽനിന്ന പെററമ്മ കൈയുയർത്തി ഓടിവന്നു!

കോടിജന്മങ്ങളിൽ സംഭരിച്ചുവെച്ച സ്നേഹം അന്നു ചിറപൊട്ടിയൊഴുകി.......ശുഭ്രമായ അയാളുടെ ഷർട്ടിൽ ആദ്യമായി കണ്ണുനീർവീണു. അയാൾ ആ പാദങ്ങളിൽ വീണു.. അവർ ക്ഷമിച്ചു......

കൊഴിഞ്ഞുവീണുകൊണ്ടിരുന്ന പകലിന്റെ മൗനം അവരിൽ ഒരു മങ്ങൽ സൃഷ്ടിച്ചു...ചിതലുകളുടെ തറവാടിന്റെ സ്ഥാനം മറെറാന്നപഹരിച്ചു. കറുത്തമണ്ണിൽ അയാൾ അദ്ഭുതം സൃഷ്ടിച്ചു... ....

പക്ഷെ....അവർക്ക്, അമ്മക്ക് അതെല്ലാം കളിപ്പാട്ടങ്ങൾ! നിശ്ചലചൈതന്യങ്ങൾ!

''ആർക്കുവേണ്ടി?.......'' അവർ സ്വയം ചോദിച്ചു...

നിമിഷങ്ങളുടെ നിശ്ശബ്ദതക്കുശേഷം അവർ വിളിച്ചു. ''കുട്ടാ...ഇനിതിരിച്ചു പോരൂ...

''ഇനിമതി പണം''...

അയാൾ വീണ്ടുംഞെട്ടി! അതേസ്വരം! തരിച്ചുനിന്നുപോയി, ആ വിളിയിൽ. ആ വലിയ കണ്ണുകളിൽ വലിയൊരു വേദനയുടെ നാളങ്ങൾ തെളിഞ്ഞു കണ്ടു. പക്ഷെ അയാൾ തെററിദ്ധരിച്ചു...

അവരുടെ അന്തർദാഹം, കുരുന്നു കാലുകളെ മടിയിൽവെച്ചു താഴുകാനുള്ള പ്രകൃതിവാസന, അയാളുടെ ഉയർച്ചക്കുവേണ്ടി ഉഴലുന്ന മനസ്സിൽ പതിഞ്ഞില്ല.

മനസ്സിൽ മുഴുവൻ ഉയരുവാൻ മോഹം... ...ഒരു പിടി സ്വപ്നങ്ങൾ ചവിട്ടി മെതിച്ചുകൊണ്ടയാൾ ഒരു വലിയ മനക്കോട്ടക്കുവേണ്ടി നടന്നു...തിരിയെ നടന്നു...'ഇവിടെ ഈ മരവിച്ച തറവാട്ടിൽ തനിക്കുകെട്ടികിടക്കാൻ കഴിയില്ല....' അയാൾ തലതിരിച്ചു...

നീരാവിപോലെ ഉയർന്ന് വീണ്ടും കണങ്ങളായി പതിക്കുന്നഗർത്തങ്ങളുടെ അന്താളം ഇവിടെയാണ്. ഇവിടെ കടുങ്ങിയപ്രാണികൾ മോചനം കാത്തു കിടക്കുന്നു. ഒരു മീ

ഥ്യയുടെ താളലയങ്ങളിൽ വീർപ്പുമുട്ടലോടെ.

വീണ്ടും യുഗങ്ങൾ വേഗത്തോടെ കഴിഞ്ഞു....ദിനങ്ങളുടെ താളംതെറ്റലിൽ വീണടിയുന്ന ഈയാംപാറ്റകളെപ്പോലെ കുറെ രജനികളും..., വസന്തം കഴിഞ്ഞ ശിശിരത്തിന്റെ ആദ്യവേളയിൽ, ഒരു മീമാംസകനെപ്പോലെ, തെളിമയില്ലാത്ത കടലോരത്ത് അയാൾ വീണ്ടും വന്നു.... മരിച്ചുവീണ പകലിന്റെ അന്തത്തിൽ ഒരു തെളിവിന്റെ മാത്രം ദീപ്തിയിൽ അയാൾ കണ്ടു, ചിതറിപ്പോയ കുറെ നക്ഷത്രമാലകൾ. അതിലേയ്ക്കു സൂക്ഷിച്ചു നോക്കി....നീലനിറം സൃഷ്ടിച്ച പശ്ചാത്തലത്തിൽ ഒഴുക്കുനിലച്ച തടിനിയുടെ ശ്വാസംമുട്ടൽ പോലെ....വടിവൊത്ത ചിത്രങ്ങളിൽ ഉറംകൊണ്ട രാഗം... ഇല്ലാ, ഒരിക്കലും അതിലൊതുങ്ങുന്നതല്ല....ഒരു മനസ്സാക്ഷിയുടെ മന്ത്രം അപ്പോഴും അതിൽ നിന്നുയർന്നു കൊണ്ടിരുന്നു....

‘‘കുട്ടാ..........എൻറാത്മശാന്തിക്കുവേണ്ടിയെങ്കിലും....’’

അയാൾക്കു ശ്വാസംമുട്ടി. ഉള്ളിന്റെ ഉള്ളിൽ ഒരതിരാത്രം നടക്കുന്നു....ആ യാഗശാലയിൽ നിന്നുയരുന്ന ഹോമധൂമങ്ങൾ! ഇരുട്ടിനില്ക്കുന്ന പകൽ തലകുടഞ്ഞു! പഴുതില്ലാതെ കലങ്ങിമറിയുന്ന കടൽ ഇരമ്പിക്കയറി.

തങ്കവും തടിയും ചേർന്ന പഞ്ജരത്തിലെ കിളിയുടെ കണ്ണിൽ ദയയ്ക്കുവേണ്ടിയുള്ള ആയിരം അപേക്ഷകൾ. സ്വന്തം വിധിയെ പഴിക്കുന്ന പൈങ്കിളി. ജീവിതം വിലയ്ക്കു ചോദിക്കുന്നു... തന്റെ ഏറ്റവും വലിയ വ്യക്തി.. ഓരോ കശേരുവിന്റേയും ഉടമ.

മിഥ്യയുടെ പുറകെ പോകാത്ത മനുഷ്യൻ മോചനം കാത്തുനില്ക്കുന്ന തീരങ്ങളിൽ മണ്ണൊലിപ്പുകൾ. കടപുഴകിവീഴുന്ന തീരവൃക്ഷങ്ങൾ. സ്വയം നില്ക്കാൻ കഴിയാതെ വന്നയാൾ സ്വന്തം വാസസ്ഥലത്തേയ്ക്കുതന്നെ ഓടി.....

തുലാസിൽ കിടക്കുന്ന ചോദ്യം.

‘എന്റെ കുട്ടാ...ഇനിയെങ്കിലും തിരിക്കൂ....നീ വരില്ലേ?’

അയാൾക്കു പൊറുതിയുണ്ടായില്ല...ഒരു പ്രഹേളിക ശിരസ്സിൽ ലക്ഷങ്ങളോളം പാർത്ഥാസ്ത്രമെയ്തപ്പോൾ, ആ മുറിവിൽ നിന്നും കടുംനിണം കുത്തിയൊലിച്ചപ്പോൾ, കറുത്ത ഇരുട്ടിന്റെ ഭിത്തികളിൽ ഒരു മനുഷ്യരൂപം തെളിഞ്ഞു........കൈനീട്ടി നിൽക്കുന്ന ഒരു വികൃത രൂപം,........കൊതിയോടെ നില്ക്കുന്ന...

ചുണ്ടുകൾ കടിച്ചമർത്തി വെളുത്തുനീണ്ട കടലാസ് ചുരുൾവലിച്ചെടുത്തു സ്വന്തം മനസ്സയാൾ പകർത്തി...ആവേശത്തോടെ...നീണ്ട വരികളിൽ തുടങ്ങിയ അതിൽ ഒടുവിൽ ചിലതു മാത്രം തെളിഞ്ഞു വന്നു...

‘അമ്മേ...ഒരിക്കൽ കൂടിമാപ്പു തരൂ...’

ഇരുണ്ട ഭിത്തികളിൽ പ്രതിദ്ധ്വനിച്ച ആ ശബ്ദങ്ങളിൽ അയാൾ തകർന്നു വീണു. അപ്പോഴും തമസ്സിന്റെ ഉന്മത്താശ്ലേഷത്തിൽ നിന്നും യാമങ്ങൾ രക്ഷപ്പെട്ടിട്ടില്ലായിരുന്നു. പിന്നീട് ആ പിംഗളയുടെ യാമാർദ്ധത്തിലുള്ള അട്ടഹാസം നിലച്ചപ്പോഴും അയാളുടെ കവിളുകളിൽ കൂടി ഒരു രക്തപ്രവാഹം തുടർന്നു കൊണ്ടേയിരുന്നു.



ചെറുകഥ



# ഏകാന്തപഥിക

ROSY K. P.
I P.D.C.

'ഏകാന്തപഥികൻ ഞാൻ ....

ഏതോ സ്വപ്നവസന്തവനത്തിലെ, ഏകാന്തപഥികൻ ഞാൻ'.... ജയചന്ദ്രൻ പാടിയ പി. ഭാസ്കരന്റെ ഈ ഈരടികൾ എന്റെ ഏകാന്തതയെ ഭഞ്ജിച്ചു.

എത്രയും മധുരസ്മരണകൾ എനിക്ക് സംഭാവന ചെയ്തിട്ട്, ഒരു ചരിത്രപുരുഷനെപ്പോലെ കടന്നുപോയ വിജയേട്ടന്റെ രൂപം എന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞു; ഞാൻ ചിന്താമഗ്നയായി ഓർമ്മകളിലൂടെ ഒഴുകി...

ചന്ദനക്കാതൽകൊണ്ട് കടഞ്ഞെടുത്ത നെറ്റിത്തടം; വിരിഞ്ഞ മാറ്; റോസാദളങ്ങൾപോലെയുള്ള കവിൾത്തടം; സ്വപ്നം പതിയിരിക്കുന്ന ആ ജീവനുള്ള കണ്ണുകൾ....ഹാ.... എത്ര മനോഹരമായിരുന്നു ....ഹാ....ഹാ....

കോളേജ് മാഗസിനിൽ പലപ്പോഴും ദുഃഖപൂരിതമായ കഥകൾമാത്രം എഴുതാറുള്ള വിജയേട്ടൻ; 'ഏകാന്തപഥികൻ ഞാൻ', എന്ന് നിയതം ഉരുവിട്ടുകൊണ്ടിരുന്ന ''വിജയൻ'' എന്ന കലാകാരനിലേയ്ക്ക്, ഒരു കലാകാരിയായ ഞാൻ കടന്നുചെന്നു. അവിചാരിതമായി, ഒരു സുപ്രഭാതത്തിൽ ഞങ്ങൾ പരിചയപ്പെട്ടു. ആ പരിചയപ്പെടൽ എന്നെ, നിതാന്തദുഃഖത്തിലേയ്ക്ക് തള്ളിവിടുമെന്ന് ഞാൻ ഒരിക്കലും നിനച്ചിരുന്നില്ല. ഞങ്ങൾ സ്നേഹബദ്ധരായി. സ്നേഹം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുമ്പോഴുണ്ടാകുന്ന വികാരമാണല്ലോ പ്രേമം. അദ്ദേഹം ദുഷ്യന്തനും ഞാൻ ശകുന്തളയുമായി മാറി.

എന്നാൽ ഞങ്ങളുടെ കുടുംബങ്ങൾക്കോ, മതത്തിനോ, സമുദായത്തിനോ ഞങ്ങളെത്ത ത്തിൽ യോജിപ്പിക്കുവാൻ സാധിച്ചില്ല. സ്നേഹത്തിനുമാത്രമേ അതിനു കഴിഞ്ഞുള്ളു.

ഞാൻ ഒരു ക്രിസ്ത്യാനി പെൺകുട്ടി!
അദ്ദേഹമോ ഒരു ഹിന്ദുയുവാവ്!

എല്ലാം നഷ്ടപ്പെട്ടാലും അഭിമാനത്തേയും, പാരമ്പര്യത്തേയുംമാത്രം മുറുകെ പിടിക്കുന്ന അപ്പച്ചൻ; പാവനമായ പിതൃസ്നേഹത്തിനും അമിതമായ പുത്രിവാത്സല്യത്തിനും ഇടയിൽക്കിടന്ന് നട്ടംതിരിയുന്ന അമ്മച്ചി; പ്രേമം അനശ്വരമാണ് എന്ന ആദർശത്തെ ഉയർത്തിപ്പിടിച്ചുനടക്കുന്ന ഞാൻ; ആരു വിജയിക്കും?

നിശ്ചയദാർഢ്യമുള്ള അപ്പച്ചൻതന്നെ വിജയിച്ചു. അതിന്റെ ഫലമോ—ഞാൻ വീട്ടിൽനിന്നും അടിച്ചിറക്കപ്പെട്ടു.

പരാജയം വിജയത്തിന്റെ ചവിട്ടുപടിയായിക്കരുതിയ ജോർജ്ജ് വാഷിംഗ്ടണിന്റെ തത്വസംഹിതയുമായി ജീവിതയാഥാർത്ഥ്യം മനസ്സിലാക്കുവാൻ ഞാൻ സധൈര്യം ഇറങ്ങിത്തിരിച്ചു.

സമുദായവും, ശത്രുക്കളും, മിത്രങ്ങളും എന്നെ അവജ്ഞാദൃഷ്ടിയോടെ വീക്ഷിച്ചു. ലോകത്തിനു മുൻപിൽ ഞാനൊരു പരിഹാസപാത്രമായിത്തീർന്നു. ഞാൻ ചിന്തിച്ചു ഒരു സ്ത്രീ ഒരു പുരുഷനെ സ്നേഹിച്ചുപോയതു തെറ്റോ?

ഞാൻ ചഞ്ചലയായില്ല. കാരണം, ''വിജയൻ'' എന്ന യുവാവിൽ ഞാൻ എല്ലാം സമർപ്പിച്ചു കഴിഞ്ഞിരുന്നു. എന്നാൽ വിജയേട്ടന്റെ ഗൃഹത്തിലും എനിക്കു സ്ഥാനമു

but presently rise to pick some book or newspaper that is not what one ought to be studying. In a great library one won't be tempted to do these things as one is surrounded by other people who are all studying.

Before settling to study the radio should be turned off and other destracting objects should be put out of the way. It is ' tupid to tolerate physical distresses that can be remedied. The student who is really tired, but who has much to study' is tempted to relax at study, in fact pottering about in the room or at the desk. It is better at such a time to put books down and go for a short walk in the open air. This freshens brain and body, and makes another period of work possible. Pottering generally makes us feel more tired and lethargic.

## 3. PLATEAUX OF LEARNING

This phenomenon is one of the great discouragements to a student. Learning does not progress on an upward slope, however hard we try. For some mysterious reason, after we have made good progress for some time, we come to a stage at which we seem to be stuck. We know what we have learned, we may really know it very well ; but we do not seem able to go any further. Discourk aged, we begin to think we are stupid or that the subject is dull. This is a natural stage in the process of learning. It seems that after a time it is as if the mind insists :"Now I must sit and digest this, before I take in anything more.

## 4. ALTERNATIVE OCCUPATIONS.

The chief reason for finding it hard to settle to study is that we want to do something else. We would just like to go to the pictures, or for a walk ; we would like to read a new novel, or listen' to the radio. Of course we would ; We are all human beings, and normal human being pursue pleasure. They also have the natural inclination to turn from the hard to the easy. What can we do about this ?

Every student should take periods of recreation. During the years of study, study is one of our most important activities. But study should not be the only thing in life. Everyone neds some exercise, some amusements and some social life. Friendship, love, hobbies, walks' even light reading are not waste of time. They are the sensible use of time ; but we must learn how to allocate our time. The best rule is : "First I will attend to my duty : then I will pursue my pleasures." Duty done leaves us with a feeling of security and self-approval ; we really enjoy our freedom.

## 5. EMOTIONAL BARS

It is probable that the most difficult hindrance a student has to overcome is not physical, intellectual or moral, but emotional. The difficulty is the greater when emotional obstacles are not easy to understand or handle. Some of the most usual problems that annoy us are the sexual anxieties and the anxiety about the future.

## 6. SEXUAL ANXIETIES

In our civilisation, it is almost true that people become ready for sex and often eager for it, long before it is sensible to marry, or even possible. The student often has to postpone marriage longer than other people. This presents most students with two alternatives. The one is to suffer the considerable distresses of complete and prolonged celibacy, which makes sex seem even more important than it genuinely is, and causes a great deal of rather hopeless day dreaming. And the other, to lead an unconventional sexual life which causes so much anxiety and tension that it is not to be recommended.

The best solution to this problem depends on the student and the circumstances. It does not trouble some, though it does not trouble many. It is a problem to which our society has so far offered

no really satisfactory solution. Hard work at least helps to put it out of our minds. We all havo to accept some suffering as part of life.

## 7. ANXIETY ABOUT THE FUTURE

The commonest general anxiety of the student is the anxiety about a career. It is best put aside by working hard, for the person who studies well enough to achieve a really good result generally finds a good choice of jobs. The best way to prepare for our future and to try to gain security is to equip ourselves for it in the present as best we can.

Finally, the student, who wants to settle down to a spell of hard study should do everything possible to cultivate interest in the subject. Mechanical learning is often the worst method of study. The more we learn consciously, analysing what we learn, finding our own examples, comparing ideas and so on, the more efficiently we learn.

We should remember that learning should be a joy, knowledge is a delight and the mental progress is really thrilling. The more we cultivate this attitude, the more readily we shall settle to study.


Telephone : 34852

# Mase Arts College

(Matthai' Academy of Spoken English)

**COCHIN-11**

A regular College for privately registered students:
Boys and Girls are admitted:

Courses offered; Pre-Degree; Book-keeping and Accountancy;
Commerce; and Economics

B.Com. Elective Subject : Cost Accountancy

Spoken English: Separate classes for Undergraduates;
and Graduates and Post-graduates

Prospectus and application form: Rs. 3/-

*Director : Prof. A. P. Matthai.*

# കുടുംബദീപം

ഒററപ്രതി .50

വാർഷിക വരിസംഖ്യ 6.00

കുടുംബാംഗങ്ങൾ എല്ലാവർക്കും
വിജ്ഞാനവും വിനോദവും പകരുന്ന
ഈടുററ മതസാംസ്കാരിക മാസിക.

ലേഖനങ്ങൾ, കഥകൾ, നോവലുകൾ, കവിതകൾ......

മാനേജർ, കുടുംബദീപം

തേവര, കൊച്ചി–682013

ഉത്തമഗ്രന്ഥങ്ങൾക്ക്

## ജനതാബുക്സ്റ്റാൾ

തേവര, കൊച്ചി–13

ബ്രാഞ്ചുകൾ | പ്രസ്ക്ലബ് റോഡ് കൊച്ചി-11
കാർമ്മൽ ബിൽഡിംഗ്സ് ആലുവ

EMCO

& MARKETING CO.

IKKAMURI CROSS ROAD
COCHIN - 682 011
ne. 34890

racrory Brick lining, heat
Acid Proof Brick lining

Branch office:
95/9Q, Rajaji Nagar,
bangalore-560 010

ST
MENTS
M

SONS (Ernakulam)

for Printing.
nufacture of

## Laurence Handicrafts

(Dealers in Handicrafts and Antiques)

H O. Cantonment
Trivandrum-1

Phone : 62648

Branch
Perumanoor Jn.

Cochin-15

*With Best Compliments*
*From*

## A Well Wisher

## Pesticides Corporation (India)

XII/1195 PANAYAPPALLI

COCHIN-2

Pesticides Division of
Jaykays Sales Exports
Cochin-3

**Distributors of Quality**
**Agricultural Pesticides**

*Compliment's*
*From*

## BINNY Ltd.

COCHIN-3

Phone: Cochin 39241-42
Telex: DIVINE CN-526

Grams: "THERELEK"

WITH COMPLIMENTS FROM

# Therelex Furnaces Private Limited

SANSKRIT COLLEGE ROAD
TRIPUNITHURA

*MANUFACTURERS OF*

## Electric Furnaces & Ovens of all kinds and for all applications

Registered Office:
No: I, Sheth Building
Telang Road, Matunga, Bombay - 400019
Phone: 593441-42-43
Telex: 0114471

With Compliments from

# LAL PRODUCTS

H. O. ERNAKULAM, BRANCH MADURAI,

Manufacturers of:

## "Chandrika Ayurvedic Toilet Soap"

With Compliments From

EMCO

# ENGINEERING & MARKETING CO.

XXXI/967-A, KARIKKAMURI CROSS ROAD

ERNAKULAM. COCHIN - 682 011

Phone. 34890

**Contractors for Refracrory Brick lining, heat & Cold insulation & Acid Proof Brick lining**

Head office :
24, Errabalu Chetty Street,
Madras-600001

Branch office :
95/9Q, Rajaji Nagar,
bangalore-560 010

WITH BEST COMPLIMENTS FROM

# S. T. REDDIAR & SONS (Ernakulam)

A firm renowned for Printing. Publishing and manufacture of Flexible packaging.

ERNAKULAM. COCHIN-11



# BEAUTY - A Short Lived Tyranny

CHRISTOHER EDWARD WALTON
II B.Com.

Do you spend a great deal of time fretting about your looks, wishing you could swap faces with some very handsome person you admire? If you do, stop pitying yourself and start pitying the handsome people you envy. They are the ones who are apt to be hurt in life by their looks.

It is true that beauty gives a person many immediate advantages in opening doors and attracting admiration. But life is frequently made so easy for the handsome people during their youth that they have littie incentive to develop their capacities. The result is that they too often end up as fragile or unappealing personalities. They have fewer inner resources to endure the hard knocks which life brings.

Youngsters "blessed" with attractive physical features consistently do less well in school. At the University of California, Professors S. J. Holmes and C. E. Hatch rated 600 students on their beauty. Then they examined their scholastic records. The beautiful girls ranked 14 points below "plain girls". "The more beautiful girls are apt to be distrubed by social engagements", the professors concluded. They spend so much time socializing that they never learn sound study habits. Plain girls or awkward boys usually begin compensating for the lack of natural handsomeness by enhancing their personal talents.

I overheard a conversation between two ladies. One of them was a supercilious character. She was all praise for her daughter. The other one was quite frank. She said that her daughter had flunked out of two colleges and was extremely blase and self-centered. She also spent hours in lackadaisical primping and when anyone tried to prod her out of lethargy she would stage a little bit of temper. The girl today is selfish, at a loose end and a very poor marriage risk for anybody Unfortunately I know the two characters.

Most of us are aware that we are not Helens of Troy or Adonises. But there are some in our society who think that good looks are really essential for a bright future.

Some boys are perturbed by silver hairs, others by falling hair. The second case could lead to a crisis. But in case there is no panacea, let him be comforted by this quotation from 'Good Housekeeping' "If a man sports a bald pate with no attempt at camouflage he has consolation. He can tell himself it stands for dignity and wisdom, mature philosophy, stability and generosity, as well as jolliness and joviality. He can take his stand in history beside such notables as Socrates, Julius Caesar and Oliver Goldsmith."

But to a girl falling hair is a great handicap. Silver hairs can be taken care of in many ways. I do not wish to persue

the remedies. Here is a hint from Professor White. "A man can be a great scholar and look like something the cat should not have dragged in—but a woman has to be pretty good to be recognised for intellectual achievement if she lets her petticoat hang."

The most conspicuously handsome Presidents were Warren G. Harding, James Buchanan, Franklin Pierce and Chester A. Arthur. All are rated by historians as among the most ineffectual, least distinguished national leaders. Presidents such as Lincoln, Jackson, Theodore Roosevelt —who will go down in history—have been conspicuously unhandsome, or were during their youth. Lincoln, as described by Mary Owens, was "undeniably awkward, even crude."

Many great personalities were born poor. Some of them were not so good looking—but they overcame it by deeds of greatness.

Dr. Samuel Johnson was a great man of letters. His ardous and important work is his 'Dictionary of the English Language'. He was a man of great learning and culture—but did he present such a picture to Miss Porter told Boswell that when Johnson appeared before his mother (proposed for her hand) "his appearance was very forbidding. He was then lean and lank so that his immense structure of bones was hideously striking to the eye and the scars of the scrofula were deeply visible." This was the picture he presented to his future step-daughter. But Mrs. Potter was so much engaged by his conversation and greatness that she overlooked all these external disadvantages and said to her daughter, "This man is the most sensible man that I ever saw in my life."

Edward Gibbons' 'The Decline and Fall of the Roman Empire' is the greatest historical work in the English language and one of the greatest in all literature. The story of the Decline is the most stupendous catastrophe in history. But Gibbons' childhood was spent in chronic illness which prevented him from attending school regularly. He was so delicate a child that his life was often despaired of. "His mouth mellifluous as Plato's was a round hole nearly in the centre of his visage"—George Colman.

Charles Dickens was a small, sickly undernourished youth and suffered from periodic fits of convulsion. "This child," said his father, "will never live to experience the bitterness of maturity." But we know that Dickens lived to become one of Britain's greatest and most loved writers. A man on the point of death said to his priest, "Thank God, I can now die in peace. I have just read the last number of Pickwick."

Charles Lamb was a poet, essayist and literary critic. He was by constitution excitable, nervous and self-mistrustful. Every student of English prose knows and ought to know his 'Essays of Elia'. Carlyle a great critic wrote of Lamb:

"He was the leanest of mankind. In walking he tottered and suffled, an emblem of imbecility...insuperable proclivity to gin, in poor old Lamb. His talk contemptibly small..., screwed into frosty artificialities, ghastly make-believe of wit—in fact more like distilled insanity then anything of real jocosity, humour or geniality."

But Lamb is the most lovable figure among English essayists. He was so well known, admired and beloved that the news of his death fell on the public as well as his own attached circle with all the poignancy of a personal calamity and a private grief.

Halen Adams Keller, an American blind deaf-mute, was deprived of sight and hearing at the age of 19 months and soon became dumb. But Keller in spite of these grave handicaps is the most extraordinary person ever known in the history of the blind-deaf mutes. Her acquirements included several languages, and her general culture being exceptionally wide. she wrote 'The Story of My Life', 'Optimism', 'The World I live in', 'My Religion' and 'Midstrean', which in literary style and in outlook on life are a striking revelation of the results of modern methods of educating defective people.

II P.D.C.
I Group





II P.D.C.
II Group



Final B.A.
Economics



Final BA.
Sociology



Final B.Sc.
Physics



Final B.Sc.
Chemistry



Final B.Sc.
Zoology



Final B.Sc.
Botany

ഴില്ല. അദ്ദേഹത്തിന്റെ സ്ഥിതിയോ—എന്നിലും പരിതാപകരം. സേവനമനസ്കയായ ഒരു ആത്മാർത്ഥസ്നേഹിത എനിക്കതും നൽകി.

ദിവസങ്ങൾ കടന്നുപോയി. ഉദ്യോഗം സമ്പാദിക്കാൻ എന്ന വ്യാജേന അദ്ദേഹം നാടുവിട്ടു. എന്റെ നിഷ്കളങ്കമായ പ്രേമത്തിനു മുമ്പിൽ ആ വിരഹദുഃഖം പരാജയപ്പെട്ടു. അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു: ''തങ്കം, നീ കരയരുത്! നിന്റേതുമാത്രമായ വിജയേട്ടൻ ഉദ്യോഗസ്ഥനായി നിനക്കുവേണ്ടിമാത്രം തിരിച്ചുവരും. നമ്മെ വേർപെടുത്തുവാൻ ഈ പ്രപഞ്ചത്തിലെ ഒരു ശക്തിക്കും സാദ്ധ്യമല്ല.'' അങ്ങനെ അദ്ദേഹം ബി. എ. ബിരുദവുമായി നാടുവിട്ടു. വിജയേട്ടൻ നൽകിയ വാഗ്ദാനങ്ങളേയും മധുരസ്മരണകളേയും അയവിറക്കി ഞാൻ ദിവസങ്ങൾ എണ്ണി ജീവിച്ചു.

അദ്ദേഹം പോയിട്ട് മാസങ്ങൾതന്നെ കടന്നുപോയി. ഇതുവരെയും ഒരു തുമ്പും കിട്ടിയില്ല. ഏകാന്തതയുടെ വിരിമാറിൽ ഞാൻ ലയിച്ചു.

എന്റെ ജീവിതത്തിൽ മറ്റൊരദ്ധ്യായം തുറക്കപ്പെട്ടു. ഒരു സ്ത്രീയുടെ ഏകഭൂഷണമായ 'ചാരിത്രം' എനിക്കു നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നില്ല' വാത്സല്യമുള്ള മാതാപിതാക്കൾ നേടിത്തന്ന ബിരുദവും. ഞാൻ അതുമായി ഒരു തൊഴിലന്വേഷിച്ചിറങ്ങി. പല വാതിലുകളിലും മുട്ടി. പക്ഷെ, എല്ലാം എനിക്കു നേരെ കൊട്ടിയടയ്ക്കപ്പെട്ടു. 'അന്വേഷിക്കുവിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും'' എന്ന ക്രിസ്തുവിന്റെ വചനം എനിക്കുത്തേജനം നൽകി. ഒടുവിൽ ഒരു പ്രൈവറ്റ് കമ്പനിയിൽ ലേഡീക്ളാർക്കായി എനിക്കുദ്യോഗം ലഭിച്ചു.

അങ്ങനെയിരിക്കുമ്പോൾ എന്റെ വിജയേട്ടന്റെ ആദ്യത്തെ കത്തെനിക്കു ലഭിച്ചു. എന്നെ എല്ലായ്പ്പോഴും 'തങ്കം' എന്നു സംബോധന ചെയ്തിരുന്ന അദ്ദേഹം അപ്പോഴും ഇങ്ങനെ എഴുതിയിരുന്നു.

തങ്കം,

എനിക്കുദ്യോഗം ലഭിച്ചു. പക്ഷെ, നാട്ടിലേയ്ക്കു തിരിച്ചുവരുവാൻ തോന്നുന്നില്ല. നിന്നെ സ്നേഹിച്ചു എന്ന കുറ്റത്താൽ ലോകം എന്നെ കൊള്ളരുതാത്തവനായി മുദ്രയടിച്ചു. എങ്കിലും നിന്നെ ഒരു 'അഭിസാരികയായ്'' കാണുവാൻ എനിക്കു സാദ്ധ്യമല്ല. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണല്ലോ. സാഹചര്യത്തിന്റെ സമ്മർദ്ദം എന്നെ ഈ വഞ്ചന ചെയ്യുവാൻ പ്രേരിപ്പിച്ചു. ആ തെറ്റെന്താണെന്ന് നിനക്കറിയേണ്ടേ തങ്കം? ഞാൻ പറയാം. ഇവിടെ എന്റെ ഓഫീസിലെ, എന്റെ ജാതിയിൽപ്പെട്ട മാലതിയെന്ന പച്ചപരിഷ്കാരിയായ ഒരു സൗന്ദര്യത്തിടമ്പിനെ വിവാഹം ചെയ്യുവാൻ ഞാൻ തീരുമാനിച്ചു. നിനക്ക് സൗന്ദര്യവും വിദ്യാഭ്യാസവും ഉണ്ട്. നീ ഒരു ഉദ്യോഗം സമ്പാദിച്ച് ഒരു ക്രിസ്ത്യാനി യുവാവിനെ വിവാഹം കഴിച്ച് ജീവിക്കണം.

എന്നെ മറന്നേക്കൂ ...

എന്ന്

വിജയൻ.

ഹും. എന്റെ വിജയേട്ടാ, ഇതുപറയുവാൻ അങ്ങേയ്ക്കെങ്ങനെ സാധിച്ചു? ഞാൻ നെടുവീർപ്പിട്ടു.

ഞാൻ പരാജിതയായില്ല. കാരണം, ജീവിതസാഗരത്തിൽ ആർത്തിരമ്പുന്ന തിരമാലകളാലും, യാദോഗണങ്ങളാലും ആക്രമിക്കപ്പെട്ടിരുന്ന എന്റെ ജീവിതനൗകയെ ഞാൻ ഒരുവിധം മുങ്ങിയും പൊങ്ങിയും തുഴഞ്ഞും കരയ്ക്കടുപ്പിച്ചു കഴിഞ്ഞിരുന്നു. പ്രണയനൈരാശ്യമാകുന്ന രക്തസാക്ഷിത്വത്തിന്റെ മറ്റൊരു മുഖമുദ്രയായി ഞാൻ ജീവിച്ചു. അനുഭവങ്ങൾ കർശനങ്ങളാകുമ്പോൾ, ജീവിതത്തിൽ ഗതികെട്ടുമ്പോൾ ആരും ഒരു മാറിയ മനുഷ്യനായി പോവുകയില്ലേ?

വർഷങ്ങൾ പിന്നെയും കടന്നുപോയി.

ഒരുദിവസം എന്റെ കൊച്ചുവാടകവീട്ടിൽ ഞാൻ ഏകാന്തതയെ ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ എനിക്ക് ഒരു കത്ത് ലഭിച്ചു. അതെന്റെ വിജയേട്ടന്റെ അവസാനത്തെ കത്തായിരുന്നു.

എന്റെ തങ്കം,

നിനക്ക് ഈ കത്ത് ലഭിച്ചുകഴിയുമ്പോൾ ഞാൻ ഈ ലോകത്തോടു വിടവാങ്ങിയിരിക്കും. ഇത്ര പെട്ടെന്ന് എന്തു സംഭവിച്ചു എന്നറിയുവാൻ നീ ജിജ്ഞാസുവായിരിക്കും. കാരണം ഞാൻ ഒരു കൃതഘ്നനും നീ ഒരു ദേവിയുമാണ്. നിന്നോടു ചെയ്ത കൊടുംവഞ്ചനയ്ക്ക് ദൈവം എനിക്കു നൽകിയ ശിക്ഷയാണിതെന്ന് ഞാൻ കരുതുന്നു. കൈയിലിരുന്ന കനകചഷകത്തെ വലിച്ചെറിഞ്ഞിട്ട് വെറും മിഥ്യയായ ചില മധുരവാക്കുകൾക്ക് വശംവദനായി ഞാൻ മുത്തുകളെത്തേടുകയായിരുന്നു. ആ മുത്തുകളാകട്ടെ ഉഗ്രൻ വിഷമായിരുന്നുവെന്ന് ഞാനറിഞ്ഞിരുന്നില്ല. എന്റെ ഭാര്യ മ

രു വേശ്യയായിരുന്നു. അവൾക്ക് പല രഹസ്യ കാമുകന്മാരുണ്ടായിരുന്നു. ഞാനാകട്ടെ, പരസ്യവിപണിയിലെ ''ഭർത്താവെന്ന'' ലേബലൊട്ടിച്ച ഒരു വില്പനച്ചരക്കും. എനിക്ക് യാതൊരു സ്വാതന്ത്ര്യവും ഉണ്ടായിരുന്നില്ല. ഞാൻ അവളുടെ പരിപൂർണ്ണനിയന്ത്രണത്തിൻ കീഴിലായിരുന്നു. ജീവിതത്തിന്റെ മുന്തിരിച്ചാറനുഭവിക്കേണ്ടതിനു പകരം കയ്പുനീർ മതിയാകുവോളം കുടിച്ചു. നീയൊരു മാലാഖയും അവൾ ഒരു രക്തദാഹിയായ പിശാചുമായിരുന്നു. ഞാൻ അല്പം വെളിച്ചത്തിനുവേണ്ടി ദാഹിച്ചുവലഞ്ഞു! എന്നാൽ എന്നന്നേയ്ക്കുമായി ആ ആലക്തികദീപം എന്നിൽനിന്നും മറഞ്ഞുപോയി. എന്റെ സമയം സമാഗതമായിരിക്കുന്നു. എനിക്ക് അവസാനമായി ഒരാഗ്രഹമുണ്ടായിരുന്നു.

നിന്റെ പവിഴച്ചുണ്ടുകളിൽ ഒരിക്കലും മായാത്ത പ്രേമമുദ്ര പതിക്കാൻ! പക്ഷെ അതിനി ഒരിക്കലും സാദ്ധ്യമല്ല. ഞാൻ വൈകിപ്പോയി. ഈ അന്ത്യനിമിഷത്തിൽ ഇതാ ഞാൻ മാപ്പുചോദിക്കുന്നു.

മാപ്പുതരൂ... ........ മാപ്പുതരൂ ഈ വഞ്ചകനു മാപ്പുതരൂ സോദരീ........?

ഈ കത്തു വായിച്ചുകഴിഞ്ഞപ്പോൾ ഞാൻ സ്വയം പറഞ്ഞുപോയി...

ലോകമേ, നിന്റെ പേരാണോ കാപട്യം!!

ഇങ്ങനെ എന്റെ ചിന്തകൾ കൊടുമ്പിരിക്കൊണ്ടു. പെട്ടെന്നാണ് ഓഫീസറുടെ പരുപരുത്ത ശബ്ദം എന്റെ ശ്രുതിപുടത്തിൽ വന്നലച്ചത്.

''ഹലോ മിസ്. റോസ്‌ലിൻ'', നിങ്ങൾ ദിവാസ്വപ്നത്തിൽ മുഴുകിയിരിക്കുകയാണോ! അപ്പോഴാണ് ഞാൻ ഇന്ന് ഫയലുകളോട് മല്ലിടേണ്ട ഒരു ഉദ്യോഗസ്ഥയാണ്; മറിച്ച് ഒരു കോളേജ് കുമാരിയല്ല എന്ന നഗ്നസത്യം ഞാനോർമ്മിച്ചത്. ഞാൻ കരയുകയായിരുന്നു. അപ്പോൾ എന്റെ ഹൃദയം എന്നെ പരിഹസിക്കുകയാണോ എന്ന് എനിക്ക് തോന്നി.

''എടീ മണ്ടിപ്പെണ്ണേ, നീ കരയുകയാണോ''

അതേ..

അവൾ—സ്ത്രീ

അബലയാണ്!

ചപലയാണ്!!

ദുർബലയാണ്!!!

ആ സമയത്ത് എന്റെ ചുണ്ടുകൾ മന്ത്രിക്കുന്നുണ്ടായിരുന്നു.

ഏകാന്തപഥിക.. ഞാൻ.



# അണുശക്തിയുടെ ഉപയോഗങ്ങൾ

GEETHA
II D. C. Zoology

1975- മേയ് 18-ാംനു വളരെ പ്രാധാന്യമേറിയ ഒരു വാർത്ത നാം കേൾക്കുകയുണ്ടായി: ഇന്ത്യ വിജയകരമായി ഒരു ഭൂഗർഭഅണുസ്ഫോടന പരീക്ഷണം നടത്തി. അണുശക്തിയെ സമാധാനപരമായ ആവശ്യങ്ങൾക്കു ഉപയോഗിക്കുകയുള്ളു എന്ന ഇന്ത്യൻ ഭരണാധികാരികളുടെ പ്രഖ്യാപനം എല്ലാ സമാധാന പ്രേമികൾക്കും ആശ്വാസമരുളുന്നുണ്ട്.

1945- ജൂലൈ 16-ാം തീയതിയാണു ലോകത്തിലാദ്യമായി അമേരിക്ക ഒരു അണുബോംബ് പരീക്ഷിച്ചത്. 1945–ആഗസ്റ്റ് 6-ാം തീയതി തിങ്കളാഴ്ചയും, തുടർന്ന് ആഗസ്റ്റ് 9–ാം തീയതി വ്യാഴാഴ്ചയും അത് മനുഷ്യനെതിരായി ഉപയോഗിയ്ക്കുകയുണ്ടായി. രണ്ട് വൻനഗരങ്ങളുടെ നാശത്തിനും, 1,50000 മനുഷ്യരുടെ മരണത്തിനും, 1.80000 ആളുകളുടെ അംഗ വൈകല്യത്തിനും പിന്നീടു ജനിച്ച പിഞ്ചുകിടാങ്ങളുടെ അംഗവൈകല്യത്തിനും ഇടയാക്കി മേൽപറഞ്ഞ അണുസ്ഫോടനങ്ങൾ.

## അണുവിന്റെ ഘടന

രാസസംയോഗത്തിലേർപ്പെടാവുന്ന ഏററവും ചെറിയ പദാർത്ഥകണികയാണ് അണു. ഓരോ മൂലകത്തിന്റെയും അണു വ്യത്യസ്തമാണ്. പക്ഷെ, ഒരേ മൂലകത്തിന്റെ തന്നെ അണുക്കൾ സാധാരണഗതിയിൽ ഒരുപോലെയുള്ളവയാണ്.

ഒരേ മൂലകത്തിന്റെ അണുക്കൾ ഒരേ ഭാരമുള്ളവയാണ്. പക്ഷെ, മൂലകം മാറുന്നതിനനുസരിച്ച് അണു ഭാരവും മാറുന്നു. ഏററവും ഭാരം കുറഞ്ഞത് ഹൈഡ്രജൻ അണുവാണ്. അതിന്റെ ഭാരം 1 എന്ന് സങ്കല്പിച്ചാൽ ഇന്നറിയപ്പെട്ടിട്ടുള്ള ഏററവുമധികം അണുഭാരമുള്ള യുറേനിയത്തിന്റേത് 236 ആണ്.

അണു ചില സൂക്ഷ്മകണികകളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. 'ഇലക്ട്രോൺ' എന്ന ഋണവൈദ്യുതാവേശമുള്ള (Negative) കണിക, പ്രോട്ടോൺ എന്ന ധനവൈദ്യുതാവേശമുള്ള (Positive) കണിക, ന്യൂട്രോൺ എന്ന വൈദ്യുതാവേശമില്ലാത്ത കണിക, എന്നിവചേർന്നതാണ് അണു.

## അണുകേന്ദ്രം (Nucleus)

അണുവിന്റെ മിക്കവാറും പിണ്ഡം സ്ഥിതി ചെയ്യുന്നത് അണുകേന്ദ്ര(nucleus)ത്തിലാണ്. അണുവിന്റെ അർദ്ധവ്യാസം $10^{-8}$ സെ. മീ. ന്റെ ഒന്നോ, രണ്ടോ, മൂന്നോ ഇരട്ടിമാത്രമാണെങ്കിൽ അണുവിന്റെ 100.000ൽ ഒരു ഭാഗത്തേക്കാൾ ചെറിയതാണ് അണുകേന്ദ്രത്തിന്റെ വലിപ്പം. അണുവിന്റെ കേന്ദ്രത്തിനു ചുററുമുള്ള നിശ്ചിതപഥത്തിലൂടെ ഇലക്ട്രോണുകൾ ചുററിക്കൊണ്ടിരിക്കും. പ്രോട്ടോൺ, ന്യൂട്രോൺ എന്നിവ ചേർന്നതാണ് അണുകേന്ദ്രം. അണുകേന്ദ്രത്തിന് തികച്ചും ധനചാർജാണുള്ളത്. കാരണം, ന്യൂട്രോണുകൾ നിർവീര്യങ്ങളും, പ്രോട്ടോണുകൾ ധനവൈദ്യുതാവേശമുള്ളവയുമായതു തന്നെ!

അണുകേന്ദ്രത്തിലെ പ്രോട്ടോണുകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് അത് ഏത് മൂലകത്തിന്റേതാണെന്ന് തീരുമാനിക്കുന്നത്.

## അണുശക്തി (Nuclear Energy)

പ്രോട്ടോണിന്റെ പിണ്ഡം ഹൈഡ്രജൻ അണുവിന്റെ പിണ്ഡത്തോട് മിക്കവാറും തുല്യമാണ്. എന്നാൽ ന്യൂട്രോണിന്റേത് പ്രോട്ടോണിന്റേതിനേക്കാൾ അല്പം അധികമാണ്. ഇലക്ട്രോണിന്റെ പിണ്ഡം $9 \times 10^{-28}$ ഗ്രാം ആണ്. പ്രോട്ടോണുകൾ ധനവൈദ്യുതവേശമുള്ള കണികകളായതിനാൽ അവ അന്യോന്യം വികർഷിച്ച് തെറിപ്പിക്കുന്നു. പക്ഷെ അണുകേന്ദ്രത്തിനകത്ത് പ്രവർത്തിക്കുന്ന പ്രോട്ടോണുകൾ അന്യോന്യം വികർഷിച്ച് തെറിപ്പിക്കുന്നില്ല. ഇതിന് കാരണഭൂതമായ ശക്തി ന്യൂക്ളിയർശക്തി എന്നൊന്നാണെന്നാണ് ആധുനിക ഭൗതികശാസ്ത്രജ്ഞന്മാരുടെ നിഗമനം.

വിഘടനത്താലോ (Fission), ഭാരം കുറഞ്ഞ അണുകേന്ദ്രങ്ങളുടെ സംയോജനത്താലോ (Fusion) ഉണ്ടാകുന്ന പിണ്ഡനഷ്ടം (mass deject) ഊർജ്ജമായി രൂപാന്തരപ്പെടുന്നു. ഈ ഊർജ്ജം പ്രയോഗിച്ച് പ്രവർത്തിക്കുന്ന ആയുധങ്ങളെ അണുവായുധങ്ങൾ എന്ന് പറയുന്നു. ഐൻസ്റ്റീന്റെ സുപ്രസിദ്ധമായ $E = Mc^2$ എന്ന സമവാക്യം പിണ്ഡവും ഊർജ്ജവും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്നു. (E = ഉൽപ്പാദിപ്പിക്കപ്പെടുന്ന ഊർജ്ജം, m = നഷ്ടപ്പെടുന്ന പിണ്ഡം, C = പ്രകാശത്തിന്റെ വെലോസിറ്റി)

## തേജഃപ്രസരം (Radio Activity)

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ് തേജഃപ്രസരങ്ങളുടെ കണ്ടുപിടുത്തം.

അണുകേന്ദ്രത്തിന്റെ അസ്ഥിരതയാണ് റേഡിയോ ആക്റ്റിവിറ്റിയെന്ന പ്രതിഭാസത്തിന്റെ ഉറവിടം. ചില മൂലകങ്ങളുടെ അണുക്കൾ അണുകേന്ദ്ര ഘടനയുടെ സവിശേഷത മൂലം അസ്ഥിരങ്ങളാണ്. ഇത്തരം അണുക്കൾ സ്വയം വിഘടനം സംഭവിക്കുകയും അണുകേന്ദ്രത്തിൽനിന്ന് ഊർജ്ജമോ പദാർത്ഥകണങ്ങളോ ഉത്സർജ്ജിക്കപ്പെടുകയും ചെയ്യുന്നു. അണുകേന്ദ്രത്തിൽനിന്നും വരുന്ന ഈ വിഘടനമാണ് റേഡിയോ ആക്റ്റിവിറ്റി.

അസ്ഥിരമായ അണുകേന്ദ്രത്തിന്റെ ഘടനയനുസരിച്ചിരിക്കും പുറത്തുവരുന്ന കണങ്ങളുടെ സ്വഭാവവും ഊർജ്ജവും. റേഡിയോ ആക്റ്റിവിറ്റിയെ പൊതുവെ രണ്ടുതരമായി തിരിച്ചുപറയാറുണ്ട്: പ്രകൃതിനിർമ്മിതവും, മനുഷ്യനിർമ്മിതവും. യുറേനിയം, റേഡിയം തുടങ്ങി പ്രകൃതിയിലുള്ള മൂലകങ്ങളുടെ വിഘടനം ആദ്യത്തെ വിഭാഗത്തിനും പ്ലൂട്ടോണിയം മുതലായ മനുഷ്യനിർമ്മിത മൂലകങ്ങളുടേത് രണ്ടാമത്തെ വിഭാഗത്തിനു ഉദാഹരണമാണ്. പ്രകൃതിയിൽ കാണുന്ന സ്ഥിരമൂലകങ്ങളുടെയെല്ലാം അസ്ഥിരവകഭേദങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇവയാണ് ''റേഡിയോ ഐസോടോപ്പുകൾ''. (Radio Isotopes) ഇത്തരം അസ്ഥിര റേഡിയോ ഐസോടോപ്പുകളും മനുഷ്യനിർമ്മിതമായ റേഡിയോ ആക്റ്റിവിറ്റിക്കു ഉദാഹരണങ്ങളാണ്.

റേഡിയോ ഐസോടോപ്പുകൾ വികിരണം പുറപ്പെടുവിക്കുമ്പോൾ ശക്തി സ്വതേ ഉത്പാദിപ്പിക്കപ്പെടുന്നുവെന്ന് പരീക്ഷണങ്ങൾ തെളിയിച്ചു. റേഡിയോ ആക്റ്റിവിറ്റി അണുകേന്ദ്രത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്. മൂലകത്തിന്റെ അണുക്കൾ ശക്തിയേറിയ രശ്മികൾ പുറപ്പെടുവിക്കുമ്പോൾ മറ്റൊരു മൂലകത്തിന്റെ അണുക്കളായി സ്വയം മാറുന്നു. ഈ പ്രവർത്തനത്തിൽ കുറച്ച് ദ്രവ്യം അപ്രത്യക്ഷമാകുകയും തന്മൂലമുണ്ടാകുന്ന ഊർജ്ജം 'റേഡിയോ ആക്റ്റിവിറ്റിയായി പുറത്തുവരുകയും ചെയ്യുന്നു. 1939–ൽ യുറേനിയത്തെ ന്യൂട്രോണുകൾ ഉപയോഗിച്ച് ഭേദിക്കുവാൻ സാധിച്ചതോടെയാണ് അണുശക്തി മനുഷ്യന്റെ ഹിതാനുവർത്തിയാകുവാൻ ആരംഭിച്ചത്.

## അണുശക്തി ഗവേഷണം ഇന്ത്യയിൽ

അണുശക്തിയുടെ 'സമാധാനപരമായ ഉപയോഗങ്ങളെപ്പറ്റി ഗവേഷണം നടത്തേണ്ടതിന്റെ ആവശ്യകത ഭാരത ഗവൺമെന്റ് നേരത്തെ തന്നെ മനസ്സിലാക്കിയതിന്റെ ഫലമാണ് 1948–ഏപ്രിൽ 15 ന് പാസ്സാക്കിയ അണുശക്തി ആക്റ്റ്. ആ കൊല്ലം ആഗസ്റ്റിൽ തന്നെ ഡോക്ടർ ഹോമി ജഹാംഗീർ ഭാഭായുടെ കീഴിൽ അണുശക്തി കമ്മീഷൻ സ്ഥാപിക്കുകയും ചെയ്തു. അക്കാലത്ത് അണുപഠനത്തിലേർപ്പെട്ടിരുന്ന പ്രധാന സ്ഥാപനം ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് (T. I. F. R.) ആയിരുന്നു. അണുശക്തിയുടെ സമാധാനപരമായ ഉപയോഗങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്ന സ്ഥാപനങ്ങളിൽ മുഖ്യമായവ താഴെ പറയുന്നവയാണ്.

1. ഭാഭാ അണുശക്തി ഗവേഷണാലയം, (B. A. R. C) ട്രോംബെ.
2. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് (T. I. F. R.)
3. ഭൗതിക ഗവേഷണാലയം, (physical laboratory), അഹമ്മദാബാദ്.
4. സാഹാ അണുകേന്ദ്രഭൗതിക ഇൻസ്റ്റിറ്റ്യൂട്ട്, കൽക്കത്ത

## അണുശക്തിയുടെ ഉപയോഗങ്ങൾ

അണുശക്തിയെപ്പറ്റിയുള്ള ഗവേഷണങ്ങളുടെ ഫലമായി ലഭിച്ചിട്ടുള്ളതിൽവെച്ച് ഏറ്റവും പ്രാധാന്യമർഹിക്കുന്നവയാണ് റേഡിയോ ഐസോടോപ്പുകൾ. ഇവയിൽ നിന്നും പുറപ്പെടുന്ന രശ്മികൾ ജൈവവസ്തുക്കളിൽ പല മാറ്റങ്ങളും വരുത്തുന്നു. മനുഷ്യരുടെയും, സസ്യങ്ങളുടെയും വളർച്ച, രോ

ം മുതലായവ എളുപ്പം കണ്ടുപിടിക്കുവാനും വ്യവസായശാലയിലെ യന്ത്ര സജ്ജീകരണങ്ങൾ നിയന്ത്രിക്കുവാനും ഈ രശ്മികളുപയോഗിക്കാം.

## രോഗ ചികിത്സ

മനുഷ്യ ശരീരത്തിലെ പ്രവർത്തനങ്ങളെപ്പററി പഠിക്കുവാനും അർബ്ബുദ (cancer) രോഗം കാര്യക്ഷമമായ വിധത്തിൽ ചികിത്സിച്ച് സുഖപ്പെടുത്താനും റേഡിയോ ഐസോടോപ്പുകൾ സഹായിക്കുന്നു. 'ലുക്കീമിയ' മുതലായ രക്താർബ്ബുദരോഗങ്ങൾക്കും റേഡിയോ ഐസോടോപ്പുകൾ ഉപയോഗിച്ചുള്ള പ്രതിവിധികൾ ഫലപ്രദമായി കണ്ടിട്ടുണ്ട്.

## കൃഷികളിൽ

ഒരു ചെടിക്ക് ഏററവും യോജിച്ച വളം ഏതാണെന്നും, അത് എപ്പോൾ എങ്ങനെ ഉപയോഗിക്കണമെന്നും മററുമുള്ള പ്രശ്നങ്ങൾക്ക് ഉത്തരം കാണാൻ റേഡിയോ ഫോസ്ഫറസ് ഉപയോഗിക്കുന്നു. ചെടികളും വിത്തുകളും ഓരോ അളവിൽ വികിരണത്തിന് വിധേയമാക്കി കൂടുതൽ വിളവ് നല്കുന്നവയും വേഗത്തിൽ ഫലം കായ്ക്കുന്നവയുമായ സസ്യങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. റേഡിയോ ഐസോടോപ്പുകൾ പശുക്കളുടെ രക്തത്തിൽ കുത്തിവച്ച് കൂടുതൽ പാൽ ലഭിക്കുവാൻ ഏത് വിധത്തിലുള്ള ആഹാരമാണ് പശുക്കൾക്ക് കൊടുക്കേണ്ടതെന്ന് തീരുമാനിക്കാം. ഇവയുടെ സഹായത്തോടെ ഭക്ഷണസാധനങ്ങളും മത്സ്യമാംസങ്ങളും, പച്ചക്കറികളും, കിഴങ്ങുവർഗ്ഗങ്ങളും പലതരം പഴങ്ങളും കേടുകൂടാതെയും രുചി വ്യത്യാസം വരാതെയും ദീർഘകാലം സൂക്ഷിക്കാം.

## വ്യവസായത്തിൽ

കടലാസ് താളുകൾ, ലോഹത്തകിടുകൾ, പ്ലാസ്റ്റിക് ഷീററുകൾ, തുണിത്തരങ്ങൾ എന്നിവയുടെ നിർമ്മാണവേളയിൽ അവയുടെ കനം അളക്കുന്നതിനും കനത്തിന് വ്യത്യാസം വരാതെ വളരെ കൃത്യമായി സൂക്ഷിക്കുന്നതിനും എണ്ണഖനനത്തിലും ശുദ്ധീകരണത്തിലും സംഭവിച്ചേക്കാവുന്ന സങ്കീർണ്ണങ്ങളായ പല പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും റേഡിയോ ഐസോടോപ്പുകൾ ഉപയോഗിക്കുന്നുണ്ട്. പ്ലൂട്ടോണിയം–238, സ്ട്രോൺഷിയം–90, പൊളോണിയം 210, ക്യൂറിയം 242, എന്നീ റേഡിയോ ഐസോടോപ്പുകൾ ഉപയോഗിച്ച് ബഹിരാകാശവാഹനങ്ങൾക്കും മററും ആവശ്യമുള്ള വിദ്യുച്ഛക്തി ഇപ്പോൾ നിർമ്മിച്ചുവരുന്നു. അണുശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കപ്പലുകളും അന്തർവാഹിനികളും അമേരിക്കയും റഷ്യയും പണിതുപയോഗിച്ചുവരുന്നു.

## അണുശക്തിയുടെ വൻതോതിലുള്ള ഉപയോഗങ്ങൾ

പാറകൾ പൊട്ടിക്കുക, അണകെട്ടുക, തോടുകൾ വെട്ടുക; ധാതു ഖനനം ചെയ്യുക ജലസേചനത്തിനും വെള്ളപ്പൊക്കനിയന്ത്രണത്തിനും കപ്പൽ ഗതാഗതത്തിനും മററുമായി തോടുകൾ കുഴിക്കുക, കൃത്രിമമായി തുറമുഖങ്ങൾ ഉണ്ടാക്കുക, പൊതുനിരത്തുകളും തീവണ്ടിപ്പാതകളും ഉണ്ടാക്കുവാനായി വൻതോതിൽ കല്ക്കഷണങ്ങൾ ഉണ്ടാക്കുക. ഉപരിതലത്തിൽനിന്ന് വളരെയധികം താഴെയല്ലാത്ത ധാതുദ്രവ്യങ്ങൾ കുഴിച്ചെടുക്കുവാൻവേണ്ടി മണ്ണ് നീക്കം ചെയ്യുക മുതലായ കാര്യങ്ങൾ അണുവിസ്ഫോടനം വഴി സാധിക്കാം. 10 ലക്ഷം കിലോ കലോറി (Kilo calorie) ഊർജ്ജം പുറത്തുവിടുവാൻ 4000 രൂപയുടെ ടി. എൻ. ടി (T. N. T) യോ ഡൈനാമൈറേറാ വേണം. എന്നാൽ ഒരു ചെറുകിട 'അണുസ്ഫോടനം' നടത്തുകയാണെങ്കിൽ 10 ലക്ഷം കിലോ കലോറി ഊർജ്ജം ഉത്പാദിപ്പിക്കുവാൻ വെറും 260 രൂപയുടെ അണുശക്തിയേ വേണ്ടൂ.

ഒരിടത്തരം അണുവിസ്ഫോടനം നടത്തി കല്ക്കഷണങ്ങൾ ഉണ്ടാക്കുന്നതിന് ടണ്ണിന് 25 പൈസ മാത്രമേ ചെലവ് വരുകയുള്ളൂ.

ഹിരോഷിമയിൽ പ്രയോഗിച്ച അണുബോംബ് 20,000 ടൺ T. N. T യുടെ സ്ഫോടന ശക്തിയുള്ളതായിരുന്നു. ഇന്ന് വൻരാജ്യങ്ങളുടെ പക്കൽ അതിന്റെ 3000 ഇരട്ടി സ്ഫോടന ശക്തിയുള്ള ബോംബുകൾ വരെയുണ്ട്.

## വൈദ്യുതി ഉത്പാദനം

3000 മീററർ ആഴത്തിലുള്ള വലിയ സ്ഫോടനങ്ങളുടെ ഫലമായി ഭൂമിക്കുള്ളിൽ ചുട്ടുപഴുത്ത കൽകൂമ്പാരങ്ങളുണ്ടാകുന്നു. പററിയ തരത്തിലുള്ള കുഴലുകളിൽകൂടി ഇതിലേയ്ക്ക് വെള്ളം പായിച്ചാൽ അതിതപ്തവും, മർദ്ദിതവുമായ നീരാവി കിട്ടും. മറെറാരു കുഴലിൽകൂടി ഇത് പുറത്തേയ്ക്കുവരുത്തി വിദ്യുച്ഛക്തി ഉത്പാദനത്തിനായി ഉപയോഗിക്കാം. വിദ്യുച്ഛക്തി ഉപയോഗിക്കുമ്പോഴുള്ള ശ്രദ്ധയുടെ നൂറ് മടങ്ങ് ശ്രദ്ധയോടെ അണുശക്തി കൈകാര്യം ചെയ്തില്ലെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങളെപ്പററി ആലോചിക്കാൻ പോലും സാധ്യമല്ല.



# റവ. ഫാ. വിക്ടോറിയൻ— ഒരനുസ്മരണം

C. E. AUGUSTINE
III B. A. (Economic)

തേവര തിരുഹൃദയ കലാലയത്തിന്റെ തിരുമുറ്റത്തേയ്ക്കു കയറിവരുന്ന ഏതൊരാൾക്കും തന്നെ സ്വീകരിക്കാനെന്നവണ്ണം, ആരെയും വശീകരിക്കുന്ന രീതിയിൽ ഹൃദ്യമായി പുഞ്ചിരിച്ചുകൊണ്ടു നില്ക്കുന്ന ഒരു വൈദികനെ കാണാൻ കഴിയും. ഏതൊരാളോടും അനുനയസ്വരത്തിൽ സംസാരിക്കുകയും എല്ലാ വിദ്യാർത്ഥികളോടും ഒരു സ്നേഹിതനെപ്പോലെ അടുത്തുപെരുമാറുകയും ചെയ്യുന്ന ആ വൈദികനെ, തേവര കോളേജിൽ കഴിഞ്ഞ ഇരുപതു വർഷത്തിൽ ഒരിക്കലെങ്കിലും വന്നിട്ടുള്ള ആരും തന്നെ ഓർക്കാതിരിക്കുകയില്ല. എളിയ ജീവിതവും ഉയർന്ന ചിന്താഗതിയും എന്നത് മുദ്രാവാക്യമായി സ്വീകരിച്ച അദ്ദേഹത്തിന്റെ ജീവിതം ആരേയും ആകർഷിക്കും.

1955-ൽ ഒരു ലക്ചററായി തേവര കോളേജിൽ ഉദ്യോഗജീവിതം ആരംഭിച്ച ഫാദർ വിക്ടോറിയൻ സി. എം. ഐ. ആണദ്ദേഹം. ദീർഘമായ ഇരുപതു വർഷത്തെ സേവനത്തിനുശേഷം അദ്ദേഹം ഈ അദ്ധ്യായനവർഷാവസാനത്തോടുകൂടി തേവര കോളേജിനോട് യാത്ര പറയുകയാണ്. തേവര കോളേജുമായി ബന്ധപ്പെട്ട എല്ലാവരിലും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ എന്നുമെന്നും തങ്ങിനില്ക്കും.

1915 ആഗസ്റ്റ് 10-ാം തീയതി വൈക്കത്തിനടുത്ത് വെച്ചൂരിൽ അദ്ദേഹം ജനിച്ചു. കുന്നിപ്പറമ്പിൽ കുരിയാക്കോസും ബ്രജിറ്റും ആണ് അദ്ദേഹത്തിന്റെ മാതാപിതാക്കൾ. ഗ്രാമപ്രദേശമായ വെച്ചൂരിൽ തന്നെയാണ് അദ്ദേഹം മിഡിൽ സ്കൂൾ വിദ്യാഭ്യാസം നടത്തിയത്. അതിനുശേഷം അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ തന്നെ തേവരയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അദ്ദേഹം തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത് തേവര സേക്രഡ്ഹാർട്ട് ഹൈസ്കൂളിലാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം 1932-ൽ പൂർത്തിയാക്കി ലത്തീൻ വിദ്യാഭ്യാസത്തിനായി ഒരു വർഷം കൂടി തേവരയിൽ താമസിച്ചതിനുശേഷം, വൈദിക വിദ്യാഭ്യാസത്തിനായി അദ്ദേഹം അമ്പഴക്കാട്ടേയ്ക്കു പോയി.

പിന്നീട് പ്രസംഗകല അഭ്യസിക്കാൻ അദ്ദേഹം കൂനമ്മാവിൽ ഒരു വർഷം ചെലവഴിക്കുകയുണ്ടായി. നാലുവർഷം മംഗലാപുരത്തും രണ്ടുവർഷം പൂനായിലുമായി വൈദികവിദ്യാഭ്യാസം നടത്തിയ അദ്ദേഹം 1937 നവമ്പർ 24-ാം തിയതി വ്രതവാഗ്ദാനം ചെയ്ത് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി 1944-ൽ വൈദികപട്ടം സ്വീകരിച്ച ഫാദർവിക്ടോറിയൻ വീണ്ടും തേവരയിലേയ്ക്കു തന്നെ തിരിച്ചു. പിന്നീടുള്ള അദ്ദേഹത്തിന്റെ ജീവിതം മണിമലയിലും മാന്നാനത്തുമായി മൂന്നു വർഷമൊഴിച്ചാൽമുഴുവനും തേവരയിൽതന്നെയായിരുന്നു. വൈദികനായശേഷം അദ്ദേഹം തേവര എസ്. എച്ച്. കോളേജിൽ ചേർന്നു. ബി. എ. ബിരുദമെടുത്തു. അനന്തരം അദ്ദേഹം ഒരു വർഷം മാന്നാനം ഹൈസ്കൂളിലും രണ്ടുവർഷം മണിമലഹൈസ്കൂളിലും അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. പിന്നീടദ്ദേഹം മദ്രാസ് ലയോളകോളേജിൽ ചേർന്ന് 1955 ൽ ധനതത്വശാസ്ത്രത്തിൽ എം. എ. ബിരുദം നേടി. ആ വർഷംതന്നെ തേവരാ കോളേജിൽ ലക്ചററായി സേവനമാരംഭിച്ചു. 1959 മുതൽ 1962 വരെ തേവര വൈദികാശ്രമത്തിന്റെ അധിപനും (പ്രിയോർ) കൂടിയായിരുന്നു അദ്ദേഹം. 1971 ൽ അദ്ദേഹം തേവര കോളേജിന്റെ ഭരണസാരഥ്യമേറ്റെടുത്തു.

# ഐക്കഫ് എന്ത്? എന്തിന്?



C. J. ROMID
II B. Sc. (Chem)

ഭൂരിഭാഗം ജനങ്ങളും പട്ടിണിയിൽ കഴിയുന്ന നീതിരഹിതമായ ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ മധുരഫലങ്ങൾ അനുഭവിക്കുന്നു എന്നു പറയപ്പെടുന്ന ഭാരതീയർക്ക് മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾപോലും ലഭ്യമായിട്ടില്ല. പട്ടിണി പിഴുതെറിയാൻ വേണ്ട വിഭവശേഷിയും സാങ്കേതികജ്ഞാനവും നമുക്കുണ്ട്. പക്ഷേ കുത്തകമുതലാളിത്തത്തിന്റെ വീറുറ്റ മുന്നേറ്റത്തിൽ സർക്കാരിന്റെ പുരോഗമനപ്രസ്ഥാനങ്ങളിൽ പലതും അടിതെറ്റിതകരുകയും, പട്ടിണി വേരൂന്നി പടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

വികസ്വരരാഷ്ട്രമായ ഭാരതത്തിൽ നിലനില്പിനുവേണ്ടി നിരന്തരം പടവെട്ടുന്ന നിർഭാഗ്യരെ നോക്കി നിശ്ശബ്ദരായിരിക്കുവാൻ ഈശ്വരവിശ്വാസമുള്ള യുവജനങ്ങൾക്ക് സാദ്ധ്യമല്ല. ഈ യുവജനങ്ങളെ സംഘടിപ്പിച്ച്, ഏറ്റവും വലിയ വിപ്ലവാചാര്യനായ ക്രിസ്തുവിന്റെ യഥാർത്ഥചൈതന്യം അവരിൽ നിവേശിപ്പിച്ച് സമൂലസാമൂഹ്യപരിവർത്തനത്തിനുവേണ്ടി പരിശ്രമിക്കുകയാണ് ഐക്കഫ് ചെയ്യുന്നത്.

1924-ൽ ത്രിശ്ശിനാപ്പള്ളിയിലാണ് ഐക്കഫിന്റെ ആരംഭം. കാത്തലിക് യങ്ങ് മെൻസ് ഗിൽഡ് 'എന്നായിരുന്നു ആദ്യകാലത്തെ പേർ. 1929-ൽ 'മലബാർ കാത്തലിക് ലീഗും, ഗിൽഡും ചേർന്ന് കാത്തലിക് യങ്ങ്മെൻസ്ഫെഡറേഷൻ 'എന്ന പേർ സ്വീകരിച്ചു. കുറച്ചുകാലം കൊണ്ട് ഫെഡറേഷൻ ദക്ഷിണേന്ത്യ മുഴുവൻ വ്യാപിച്ചു. 1930-ൽ ഫെഡറേഷൻ 'പാക്സ്റൊമാന' എന്ന അന്തർദ്ദേശീയവിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ അംഗീകാരം നേടുകയും 'സൗത്ത് ഇൻ

---

കലാകായികവിദ്യാഭ്യാസമണ്ഡലങ്ങളിൽ കേരളസർവകലാശാലയിലെ തലയെടുപ്പുള്ള കോളേജുകളിൽ ഒന്നായി തേവര കോളേജിനെ ഉയർത്തിയെടുക്കുന്നതിന് അദ്ദേഹം വളരെയധികം പരിശ്രമിച്ചിട്ടുണ്ട്.

തന്റെ ഓഫീസ്മുറിയിൽ മാത്രമിരുന്ന് സമയം ചെലവഴിക്കാതെ കോളേജിന്റെ എല്ലാ ഭാഗത്തും ഓടിനടന്ന് എല്ലാവരുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളോട് ഒരു പ്രിൻസിപ്പലെന്നതിലുപരി ഒരു സ്നേഹിതനെപ്പോലെ പെരുമാറുന്ന അദ്ദേഹത്തെ ആർക്കു മറക്കുവാൻ കഴിയും?

ധനതത്വശാസ്ത്രത്തിൽ മാസ്റ്റർ ബിരുദധാരിയായ അദ്ദേഹത്തിന് പ്രസ്തുത വിഷയത്തിൽ അഗാധമായ പരിജ്ഞാനമാണുള്ളത്. ഫാദർ വിക്ടോറിയന്റെ പബ്ലിക് ഫൈനാൻസ് ക്ലാസ്സ് ഏതൊരു വിദ്യാർത്ഥിക്കും പ്രിയങ്കരമാണ്. കേരളധനകാര്യ മന്ത്രി കെ. എം. മാണിയും, റവന്യൂമന്ത്രി ബേബി ജോണും, ഒ. ലൂക്കോസ് എം. എൽ. എ. യും തേവരകോളേജിന്റെ സന്താനങ്ങളാണെങ്കിൽ കേരളയൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറായ യുവ എം. എൽ. എ. പി. ജെ. ജോസഫ് ഫാദർ വിക്ടോറിയന്റെ അരുമശിഷ്യനാണ്.

1955-ൽ ലക്ചററായി സേവനമാരംഭിച്ച്. 1971 മുതൽ 1976 വരെ തേവര കോളേജിന്റെ ഭരണസാരഥ്യം സ്തുത്യർഹമായി വഹിച്ചശേഷം തന്റെ ഔദ്യോഗികജീവിതത്തിൽനിന്നും വിരമിക്കുന്ന വിദ്യാഭ്യാസ വിചക്ഷണനും പ്രഗത്ഭമതിയും സ്നേഹ സമ്പന്നനുമായ റവ: ഫാദർ വിക്ടോറിയൻ സി. എം. ഐ-യ്ക്കു ആയുരാരോഗ്യവും എല്ലാവിധ മംഗളങ്ങളും നേരുന്നു. ✱

ഡ്യൻ കാത്തലിക്ക് യൂണിവേഴ്സിറ്റി ഫെഡറേഷൻ' ആയി രൂപാന്തരപ്പെടുകയും ചെയ്തു. ഇൻഡ്യ സ്വതന്ത്ര ആയതോടെ ഫെഡറേഷൻ അഖിലേൻഡ്യതലത്തിലുള്ള ഒരു വിദ്യാർത്ഥി പ്രസ്ഥാനമായി വളർന്നു. അങ്ങനെ 1949-ൽ 'ആൾ ഇൻഡ്യാ കാത്തലിക്ക് യൂണിവേഴ്സിറ്റി ഫെഡറേഷൻ' (AICUF) ഉടലെടുത്തു.

അനീതിയും അസമത്വവും കുത്തിക്കേറിയ ലോകസമൂഹത്തിന്റെ ഭാവി ആദർശനിഷ്ഠയും അർപ്പണബോധവുമുള്ള ഒരു യുവതലമുറയിലേ സുരക്ഷിതമായിരിക്കൂ എന്ന് ഐക്കഫ് വിശ്വസിക്കുന്നു. ഈശ്വരവിശ്വാസത്തിലധിഷ്ഠിതവും കർമ്മനിരതവുമായ ഒരു ജീവിതത്തെയാണ് ഐക്കഫ് സ്വാഗതം ചെയ്യുന്നത്. ക്രിസ്തീയ ചൈതന്യം ആവഹിച്ച്, സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കാനുള്ള വിപ്ലവത്തിന് ഐക്കഫ് നേതൃത്വം കൊടുക്കുന്നു. ധാർമ്മികമൂല്യങ്ങളെ മുറുകെപ്പിടിക്കുന്നവരും സത്യാന്വേഷികളും നിസ്വാർത്ഥരും സമർപ്പിതരുമായ വിദ്യാർത്ഥികളെ വളർത്തിയെടുക്കാനാണ് ഐക്കഫിന്റെ പരിശ്രമം.

വ്യക്തിയുടെ ആദ്ധ്യാത്മികവും മാനസികവുമായ പൂർണ്ണവികാസം ഐക്കഫിന്റെ ലക്ഷ്യമാണ്. നേതൃത്വ പരിശീലനം ആശയരൂപീകരണത്തിനുതകുന്ന സൈദ്ധാന്തിക തലത്തിൽ മാത്രം ഒതുങ്ങി നിന്നാൽപോരാ, അത് പ്രവൃത്തിമണ്ഡലത്തിലേയ്ക്കു കടന്ന് സമൂഹത്തിലെ അനീതികളെയും അസമത്വങ്ങളെയുംപറ്റി ശാസ്ത്രീയമായി പഠിച്ച് ഒരു നവഭാരതസൃഷ്ടിക്കുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക കൂടിവേണം എന്നതും ഐക്കഫിന്റെ പ്രഖ്യാപിത ലക്ഷ്യംതന്നെ.

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലുള്ള വൈകല്യങ്ങൾ സഗൗരവം പഠിച്ച് ഉചിതമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കാനും അവയെ നടപ്പിലാക്കാനും ഐക്കഫ് മുൻകൈഎടുക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്രമായ വ്യക്തിത്വവികാസംഎന്ന വിദ്യാഭ്യാസലക്ഷ്യം സാധിച്ച് വിദ്യാഭ്യാസംകാലോചിതവും അർത്ഥപൂർണ്ണവുമാക്കി മാറ്റേണ്ടിയിരിക്കുന്നു. ഐക്കഫിന്റെ പ്രവർത്തനം ഇന്നാട്ടിലെ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായിത്തീരണം.

നാം ജീവിക്കുന്ന സമൂഹത്തിന്റെ യഥാർത്ഥഘടനയെക്കുറിച്ചുള്ള സൂക്ഷ്മമായ അറിവ് നാം നേടണം. എങ്കിൽ മാത്രമേ ഒരു പുതിയസാമൂഹ്യസൃഷ്ടിക്കുവേണ്ടി കാതലായ എന്തെങ്കിലും പ്രദാനം ചെയ്യുവാൻ നമുക്ക് സാധിക്കൂ. ഈ സത്യം മനസ്സിലാക്കിക്കൊണ്ടാണ് 'ഇൻഡ്യയെ കണ്ടെത്തൽ' എന്ന പരിപാടി ആവിഷ്കരിച്ചത്. ഐക്കഫ് ഗ്രൂപ്പുകൾ ചുറ്റുമുള്ള മർദ്ദിതലക്ഷങ്ങളുടെ ജീവിതവുമായി അടുത്തിടപഴകുകയെന്നതാണ് പ്രോജക്ടിന്റെ ആദ്യപടി. തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ, യഥാർത്ഥ ജീവിത സാഹചര്യങ്ങളുമായുള്ള 'ഏറ്റുമുട്ടൽ' വിദ്യാർത്ഥികൾക്ക് നൊമ്പരപ്പെടുത്തുന്ന അനുഭവങ്ങൾ നൽകുന്നു. കൂടുതൽ തീക്ഷ്ണമായി പ്രവർത്തിക്കാൻ ഈ സാഹചര്യം സഹായകമാകും. ഐക്കഫ് തെരഞ്ഞെടുക്കുന്ന കോളനികളും ഗ്രാമങ്ങളും അവരുടെ പ്രവർത്തനശാലകളാണ്. വിവിധതലത്തിൽ നടത്തിയ ഐക്കഫ് സർവ്വേ മനുഷ്യത്വത്തെ അടിമുടിയുലയ്ക്കുന്ന നിരവധി സത്യങ്ങൾ അനാവരണം ചെയ്തിട്ടുണ്ട്.

ഭാഗികമായെങ്കിലും ഭാരതത്തെ കണ്ടെത്താൻ കഴിഞ്ഞതുകൊണ്ടാണ്, ജീവിക്കാൻ മാർഗ്ഗമില്ലാതെ, ജീവിതത്തിന് അർത്ഥവും ചൈതന്യവും കാണാൻ കഴിയാതെ, കേഴുന്ന നിരാശ്രയരെ സഹായിക്കാൻ ഐക്കഫ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

ഭാരതത്തിന്റെ വർണ്ണാഭമായ ചരിത്രത്തിൽ നിറപ്പകിട്ടേറിയ ഒരദ്ധ്യായം കുറിക്കുവാൻ 'ഗ്രാമക്യാമ്പ്' എന്ന നൂതനാശയത്തിലൂടെ ഐക്കഫിന് സാധിച്ചു. 1963-ൽ മൈസൂറിൽ ഐക്കഫ് സംഘടിപ്പിച്ചതായിരുന്നു ഭാരതത്തിലെ ആദ്യത്തെ വർക്ക് ക്യാമ്പ്. പുസ്തകങ്ങൾക്കും ചർച്ചകൾക്കും ഉപരി നഗരപ്രാന്തങ്ങളിലെയും ഗ്രാമങ്ങളിലെയും 'പച്ചമനുഷ്യരെ' കണ്ടെത്താനും, ജീവിതക്ലേശങ്ങൾ കൊണ്ട് വരണ്ടുണങ്ങിയ അവരുടെ മനസ്സിൽ കുളിർമ്മ പകരാനും ഈ ക്യാമ്പ് വിദ്യാർത്ഥികളെ സഹായിച്ചു. തുടർന്നങ്ങോട്ട് ഐക്കഫ് പ്രസ്ഥാനത്തിൽ ക്യാമ്പുകൾ അസൂയാവഹമായ സ്ഥാനം നേടുകയും ഉന്നതമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു.

ചുരുക്കത്തിൽ, ഇൻഡ്യയുടെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ, വിദ്യാഭ്യാസ, മണ്ഡലങ്ങളിൽ ഉണ്ടാകേണ്ട പരിവർത്തനങ്ങളെക്കുറിച്ച്, വിദ്യാർത്ഥികളെ ബോധവാന്മാരാക്കി, വ്യക്തമായ പ്രവൃത്തിപഥത്തിലേയ്ക്ക് നയിക്കുക എന്നതാണ് ഐക്കഫിന്റെ പരിപാടി. ഈ പരിവർത്തനം ആരംഭിക്കേണ്ടത് യുവജനങ്ങളായ നമ്മുടെയുള്ളിൽ നിന്നാണ്. സ്വജീവിതത്തിന്റെ എല്ലാമണ്ഡലങ്ങളിലും ക്രിസ്തുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഈ പരിവർത്തനം നമുക്കു സാധിക്കാം.

Final M.Sc.
Chemistry





Final M.Sc.
Zoology



Final M.A.
Economics



Final
M.Com.



Final
M. S. W.



D.S.S.



N. C. C.
(Army Wing)



N. C. C.
(Naval Wing)



Final M.A. English



College Office Staff

# DEDICATED FOR SERVICE



EX-ALUMNI OF THE COLLEGE

ORDAINED PRIESTS, DEC. 1975



1. Rev. Fr. Joseph Kappukatt
2. Rev. Fr. Cherian Kunianthodath
3. Rev. Fr. John Vadakel

# മിനിക്കഥകൾ

MURAL EEDARA DAS T. K.
I M. S. W.

'മലയാളസാഹിത്യം' വളർന്നുകൊണ്ടിരിക്കുകയാണ്. അതിനു പല ശാഖകളുണ്ട്. ഒരു സാഹിത്യശാഖയായി വളർത്താൻ പര്യാപ്തമായ കഥാരൂപത്തെയാണ് ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. 'മിനിക്കഥകൾ' – എന്നതിന് പേരു നല്കട്ടെ.

ഈ 'മിനിയുഗത്തിന്റെ' സോപാനത്തിലേയ്ക്ക് സാഹിത്യത്തെക്കൂടി നയിക്കുന്നത് കാലത്തോടു ചെയ്യുന്ന നീതിയോടൊപ്പം സ്വാഗതാർഹമാണെന്ന് തോന്നുന്നു. നോവൽ, ചെറുകഥ എന്നീ സാഹിത്യശാഖകൾ അവയുടേതായ തലയെടുപ്പോടുകൂടി ഉയർന്നുനില്ക്കുമ്പോൾ ഒരു കൊച്ചുകുട്ടിയുടെ ലാളിത്യത്തോടും, സരളതയോടുംകൂടി പിച്ചവെച്ചുവരുന്ന ഈ കലാസപര്യോപാധി, ചിന്തകളെ പ്രവർത്തനോന്മുഖമാക്കുന്നതോടൊപ്പം അവയ്ക്കു കുളുർമ്മ പകരുകയും ചെയ്യും. നോവൽ ഒരു മഹാസാഗരമാണെങ്കിൽ ചെറുകഥ ഒരു ചെറു കുല്യയാണെങ്കിൽ മിനികഥകൾ ഒരു തുഷാര ബിന്ദുവാണ്. വികാരങ്ങളുടെ ആർത്തിരമ്പലുകൾ നോവലിനെ പ്രൗഢമാക്കുമ്പോൾ, വൈകാരിക സംഘട്ടനങ്ങൾ ചെറുകഥകൾക്ക് ചൂടും ചൈതന്യവും പകരുമ്പോൾ 'മിനിക്കഥ' അതിന്റേതായ സൗന്ദര്യത്തോടും ഭാവനാരസത്തോടും, ലാളിത്യത്തോടുംകൂടി ഇളം ഭാവം പ്രകടിപ്പിച്ച് നില്ക്കും. ഒരു ഭാവം അല്ലെങ്കിൽ ഒരു വികാരം—അതോ—നൈമിഷികവും—'മിനികഥകളുടെ' പ്രത്യേകതയാണ്.

ഒരു അമീബയെ മൈക്രോസ്കോപ്പിലൂടെ എങ്ങനെ വീക്ഷിക്കുന്നു, അല്ലെങ്കിൽ പഠിക്കുന്നു– ആ രീതിയിൽ കലാകാരൻ അണുമാത്രമായ വികാരാംശങ്ങളെ വിലയിരുത്തി ചുരുങ്ങിയ വാക്കുകൾകൊണ്ട് സാഹിത്യരൂപം നല്കി നമ്മുടെ മുൻപിൽ വയ്ക്കുമ്പോൾ; അതിനെ അതിന്റേതായ ഗൗരവത്തിൽ മനസ്സിലാക്കി, മാനസികാവസ്ഥയെ അതിൽ അന്തർധാരയെന്നവണ്ണം നിറഞ്ഞുനില്ക്കുന്ന സൂക്ഷ്മാംശങ്ങളുമായി താദാത്മ്യം പ്രാപിപ്പിച്ച് വിലയിരുത്തുകയും വേണം. ഈവക കഥകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ വായിച്ചുതീർക്കാമെന്നു മാത്രമല്ല, അവ അവധാനപൂർവമായ സമീക്ഷണം ആവശ്യപ്പെടുന്നുമില്ല. 'ഭാവം' അല്ലെങ്കിൽ 'വികാരം' ഉൾക്കൊണ്ടു കഴിഞ്ഞാൽപ്പിന്നെ കൂടുതലായ യാതൊരു തിരക്കുകൂട്ടലുകളും വേണ്ട. ഹിമവാന്റെ ഗാംഭീര്യവും, ശൈത്യത്തിന്റെ കാഠിന്യവും ഒഴിവാക്കാം. വസന്തത്തിന്റെ കുളിർമ്മമാത്രം മതി. മന്ദമാരുതന്റെ സുഖശീതളതയും, ഉൽഫുല്ലപുഷ്പത്തിന്റെ മനോഹാരിതയും 'മിനിക്കഥകൾക്കു' അത്യാന്താപേക്ഷിതമാണ്.

നോവലിലെ അല്ലെങ്കിൽ ചെറുകഥകളിലെ സംഭവങ്ങൾ സങ്കീർണ്ണമായിരിക്കുന്നതിനാൽ, പൂർണ്ണതാപ്രകാശനത്തിനുവേണ്ടി പല പരത്തിപ്പറച്ചിലുകളെയും ആശ്രയിക്കേണ്ടിവരും. എന്നാൽ ഇവിടെ ഒരു വാക്കിൽ അല്ലെങ്കിൽ ഒരു വാചകത്തിൽ 'ഹിമകണത്തിൽ ഒരു മഹാകാനനം മുഴുവൻ പ്രതിഫലിക്കുന്നതുപോലെ' സംഭവങ്ങൾ അല്ലെങ്കിൽ ആശയങ്ങൾ പ്രതിഫലിച്ചിരിക്കും. അത് മനസ്സിലാക്കി ആസ്വാദനവശം ആശയങ്ങളിലുൾക്കൊള്ളണം.

അതുപോലെ ചിന്തകളെ ഉദ്ദീപിപ്പിക്കത്തക്കവിധം ആശയങ്ങളെ പുനഃപരിശോധന ചെയ്യുമ്പോൾ മനസ്സിൽപ്പതിയുന്ന ചിത്രങ്ങൾ കലാകാരന്റെ ആന്തരികാവലോകനചിത്രങ്ങളായിരിക്കും. അതു ഓർമ്മയിലിരുന്നാൽ ആസ്വാദനം നൂറുശതമാനവും ശരിയായിരിക്കും. മലയാളസാഹിത്യത്തിലെ 'ഗണപതി' വിളക്കായ് ഈ മിനിക്കഥാശാഖ ഉജ്ജ്വലപ്രഭയോടെ പ്രശോഭിക്കും.

ബംഗാളിലെ വനഫൂലിന്റെ ചെറുകഥകൾ ഒരുപക്ഷേ ഈ കഥകളോട് വളരെ അടുത്തു വരുമായിരിക്കും. എന്നിരുന്നാലും ആധുനികപ്രവണത ഉൾക്കൊണ്ട അവ മേഘാവൃതമായ ചന്ദ്രനെപ്പോലെയാണ്. ഖലീൽ ജിബ്രാൻ ഗദ്യകാവ്യരൂപത്തിൽ പറഞ്ഞുനിർത്തിയിട്ടുള്ള തത്വചിന്തകളെ ഈ നൂതനകഥാവിഷ്കരണരീതിയുമായി സാദൃശ്യപ്പെടുത്താമെങ്കിലും, വളരെ വിഭിന്നമായ വീക്ഷണം ഈ വക കഥകളിൽ ഉടനീളം കാണാം—അന്യാദൃശമായ ധിഷണാശക്തി, ആശയസംസ്കരണത്തിൽ ഉപയോഗിക്കേണ്ടതില്ല.

സാഹിതീസരണിയിലെ ഒരു 'ചെറിയ മാർഗ്ഗമാണ്' മിനിക്കഥകൾ. അവയുടെ വഴി ശുദ്ധമായും, മനോഹരമായും, ഭംഗിയായും വെട്ടിത്തെളിക്കുകയും, പ്രവർത്തനയോഗ്യമാക്കുകയും ചെയ്യേണ്ടത് സാഹിതീകേതന്മാരുടെ കടമയാണ്. ✱



# തീരങ്ങൾതേടി

K. M. GEORGE
I M. S. W.

കണ്ണെത്താത്ത അകലത്തിൽ വിരിഞ്ഞുവിശാലമായ കടൽ. സ്ഫടികമണൽ ചിതറിവീണുനിറഞ്ഞ തീരങ്ങൾ. തീരങ്ങളിൽ തകർന്ന മുത്തുച്ചിപ്പികൾ. തീരങ്ങളിലെ കുളിർകാററിൽ ആടിയുലയുന്ന തെങ്ങിൻതലപ്പുകൾ. എല്ലാമെല്ലാം ഒരിക്കൽക്കൂടി മനോമുകുരത്തിൽ തെളിയവേ ഹൃദയത്തിന്റെ അജ്ഞാതമായ ഏതോ കോണിൽ ദുഃഖംപടരുന്നതുപോലൊരു തോന്നൽ. കൊഴിഞ്ഞ നിമിഷങ്ങളുടെ നിർവൃതിയിലേയ്ക്ക് എപ്പോഴും പറക്കാനാഗ്രഹിക്കുന്ന മനസ്സ്. ജനുവരിമാസത്തിലെ പൊൻപുലരി സ്വപ്നം കണ്ടുണർന്നത് പുതിയൊരു ചൈതന്യവിശേഷത്തെയാണ്. സേവനത്തിന്റെ സോപാനത്തിൽ പുതിയൊരു കാവ്യം എഴുതിച്ചേർക്കാൻ മുൻപോട്ടുവന്ന ഒരു പററം യുവതീയുവാക്കളെ മഞ്ഞിന്റെ മുഖാവരണം പതുക്കെ പിടിച്ചുമാററി ഉന്മേഷവാനായി നടന്നടുത്ത പ്രഭാതസൂര്യൻ നറുംപുഞ്ചിരിയോടെ സ്വാഗതം ചെയ്തു. ആർത്തിരമ്പുന്ന അലയാഴിയോട് പടവെട്ടി ക്ഷീണിച്ചിരുന്ന് ഉറങ്ങിപ്പോയ മനുഷ്യചേതന ഉണർന്നപ്പോൾ, കണ്ട കാഴ്ച അവരെ വിസ്മയസ്തബ്ധരാക്കി. കലാലയജീവിതത്തിനിടയിലും സാധാരണക്കാരായ സാധുക്കളുടെ ഹൃദയത്തുടിപ്പുകൾ അടുത്തറിയാൻ, സുഖദുഃഖങ്ങളിൽ അവരോടൊത്ത് ഏതാനും നിമിഷങ്ങൾ കഴിച്ചുകൂട്ടാൻ മുന്നോട്ടുവന്നവർ ആരായാലും അഭിനന്ദനമർഹിക്കുന്നു.

പ്രകൃതിസൗന്ദര്യത്തിന്റെ നിറകുടമാണ് കൊച്ചുകേരളം. പ്രകൃതിദേവി ഇത്രമാത്രം കനിഞ്ഞുകടാക്ഷിച്ചിട്ടുള്ള സ്ഥലം വേറെ ഉണ്ടെന്നു തോന്നുന്നില്ല. വിദേശിയരായും സ്വദേശിയരേയും ഒരുപോലാകർഷിക്കുവാൻ പര്യാപ്തമാണീ മനോഹരതീരം. പക്ഷേ, അത് ആസ്വദിക്കാൻ ആർക്കുണ്ടുനേരം? വളരെ സന്തോഷപൂർവ്വം മററുള്ളവരെ സ്വീകരിച്ചു സൽക്കരിക്കുന്ന ഈ വിശാലമായ തീരഭൂമിയിൽ അനവധി മനുഷ്യജീവികൾ ഉണ്ണാനും ഉടുക്കാനുമില്ലാതെ പലവിധ രോഗങ്ങളുടെ പിടിയിലമർന്ന് കേഴുന്നു എന്ന വസ്തുത നാം പലപ്പോഴും സൗകര്യപൂർവ്വം വിസ്മരിക്കുകയാണ് പതിവ്. പകലന്തിയോളം എല്ലുമുറിയെ പണിയെടുത്തിട്ടും സുഭിക്ഷത അവർക്കിന്നും ഒരു മരീചിക മാത്രമാണ്. നിരനിരയായി കെട്ടി ഉയർത്തിയിരിക്കുന്ന കൊച്ചുകൊച്ചു മൺകൂടിലുകൾ ഈ ഊഷരഭൂമിയിൽ ശിരസ്സുയർത്തി നിലകൊള്ളുന്നു. ഇവരുടെ സാമൂഹിക സാമ്പത്തിക സാംസ്കാരികമണ്ഡലങ്ങളിൽ സ്ഥായിയായ പരിവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. പട്ടിണിപ്പാവങ്ങളെങ്കിലും അജയ്യരായ ഇച്ഛാശക്തിയുള്ളവരാണിവർ. അധ്വാനിക്കുന്ന ഈ ജനവിഭാഗത്തിന്റെ ഉദ്ധാരണത്തിനായി പ്രബുദ്ധരായ ജനത മുന്നോട്ടുവരണം. അപ്രതിരോധ്യമായ ഇവരുടെ ഇച്ഛാശക്തിക്കു മുൻപിൽ ഇന്നത്തെ സാമൂഹ്യസാമ്പത്തികവ്യവസ്ഥിതിക്ക് വളരെനാൾ പിടിച്ചുനില്ക്കാനാവില്ല.

കടലിനോട് മല്ലിട്ട് മററുള്ളവർക്കുവേണ്ടി ജീവിക്കുന്നതിനിടയിൽ സ്വയം ജീവിക്കാൻ മറന്നുപോയ ഇവിടത്തെ കുടുംബങ്ങൾക്ക് ആവശ്യമായ കക്കൂസുകൾ നിർമ്മിക്കുക. പലവിധ രോഗങ്ങളാൽ വലയുന്ന ഇവർക്ക് മെഡിക്കൽ പരിശോധന നടത്തി സൗജന്യമായ ഔഷധങ്ങൾ വിതരണം ചെയ്യുക, അടുക്കളത്തോട്ടം നിർമ്മിക്കുക, അത്യുത്പാദനശേഷിയുള്ള തെങ്ങിൻതൈകൾ വിതരണം ചെയ്യുക, ശുചീകരണപ്രവർത്തനങ്ങൾ നടത്തുക.

സാമൂഹ്യവിദ്യാഭ്യാസപരിപാടി സംഘടിപ്പിക്കുക. കായികമത്സരങ്ങളും കലാപരിപാടികളും നടത്തുക ഇവയായിരുന്നു ഞങ്ങളെ നയിച്ച ലക്ഷ്യങ്ങൾ.

ഇതിനെല്ലാമൊരു തുടക്കം എന്നരീതിയിൽ ക്ലാസിനോടനുബന്ധിച്ച് നടത്തിയ വൈദ്യപരിശോധനയിൽ ആയിരത്തിഇരുനൂറിലധികം രോഗികളെ പരിശോധിച്ച് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്തു. കോളനിയിലെ അടുക്കളത്തോട്ടനിർമ്മാണപദ്ധതിയുടെ ഭാഗമായി എല്ലാവീടുകൾക്കും ഞങ്ങൾ തൈകൾ വിതരണം ചെയ്തു. തീരദേശനിവാസികളുടെ അടിയന്തരാവശ്യമായ ലീച്ച് ടൈപ്പ് കക്കൂസുകളുടെ നിർമ്മാണം ആരംഭിച്ചു. കുടുംബക്ഷേമം, ആരോഗ്യം, ശുചിത്വം, സമ്പാദ്യശീലം എന്നീ വിഷയങ്ങളിൽ പ്രത്യേകപരിശീലനം നേടിയവർ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ എടുത്തതുകൂടാതെ ദീർഘകാലാടിസ്ഥാനത്തിൽ ഇങ്ങനെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു സ്ഥിരം വേദിയായി മാറാൻ ഉപയുക്തമായ ഒരു ബാലവാടി ഈ കോളനിയിൽ കെട്ടിഉയർത്തുകയുണ്ടായി. നാലുദിവസം മാത്രം പ്രായമുള്ള ഒരു സാമൂഹ്യക്ഷേമക്യാമ്പിന്റെ മഹത്തായ നേട്ടങ്ങൾ!

അവശരും ആർത്തരും ആലംബഹീനരുമായ കടലോരനിവാസികളുടെ യഥാർത്ഥമായ സാമൂഹ്യചിത്രം എന്തെന്ന് നാലുദിവസത്തെ ക്യാമ്പുജീവിതത്തിനിടയിൽ പച്ചയായി കണ്ടു. കടുത്തചൂടിനേയും കനത്തതണുപ്പിനേയും മററു പ്രാകൃതിക പ്രതികൂലാവസ്ഥകളേയും അതിജീവിക്കാൻ അവരെ പ്രകൃതി അണിയിച്ചൊരുക്കിയതായി തോന്നി. അവരുടെ പ്രയത്നഫലം മററുപലരേയും സമ്പന്നരാക്കാറുണ്ട്. എന്നാൽ ഈ പരിശ്രമശാലികൾ നിത്യദാരിദ്ര്യത്തിന്റെ പിടിയിലും, വിരോധാഭാസമായി തോന്നാം, എന്നാൽ അതാണു സത്യം. കഷ്ടതയുടെയും ദീനതയുടെയും ഞെട്ടിപ്പിക്കുന്ന രംഗങ്ങളാണ് ഇവിടങ്ങളിലേയ്ക്കു കടന്നു ചെല്ലുന്നവർക്ക് കാണാൻ കഴിയുക. ദിവസങ്ങളോളം തീപുകയാത്ത അടുക്കളകൾ. വിശന്നുപൊരിയുന്ന വയറുകൾ, മജ്ജയും മാംസവുമില്ലാത്ത മനുഷ്യക്കോലങ്ങൾ. ചിരങ്ങുപിടിച്ച കുഞ്ഞുങ്ങൾ. രോഗബാധയേൽക്കാത്തവർ ചുരുക്കം. ഏതൊരു ശിലാഹൃദയനെയും ഇരുത്തിചിന്തിപ്പിക്കാൻ പര്യാപ്തമായ സജീവരംഗങ്ങൾ.

മനുഷ്യത്വം മരവിക്കാത്തിടത്തോളം കാലം കഷ്ടപ്പെടുന്നവരെ വിസ്മരിക്കാൻ നമുക്ക് സാദ്ധ്യമല്ല. സഹജീവികളോടുള്ള സഹാനുഭൂതിയുടെ ബാഹ്യാവിഷ്കരണമായി മാത്രമേ കളമശ്ശേരി സോഷ്യൽവർക്ക് ഇൻസ്റ്റിട്യൂട്ടിലെ അദ്ധ്യാപകരോടും വിദ്യാർത്ഥികളോടുമൊപ്പം തോളോടുതോൾ ചേർന്ന് പ്രവർത്തിച്ച കോഴിക്കോട് സർവകലാശാലയിലെയും കാർഷികസർവകലാശാലയിലെയും അദ്ധ്യാപകരെ നമുക്ക് കാണാൻ കഴിയൂ. ഈ പശ്ചാത്തലത്തിൽ മാത്രമേ സെന്റ് ജോൺ പാട്ടം ഫിഷർമെൻ കോളനിയിൽ നടത്തിയ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ വിലയിരുത്താനാവൂ. അങ്ങനെ പരിത്യക്തരുടെ ജീവിതക്ലേശങ്ങളിലേയ്ക്കു പൊതുജനമന:സാക്ഷിയെ മാടിവിളിക്കുക എന്ന ഒരേ ഒരു ലക്ഷ്യത്തോടെയാണ് ഞങ്ങൾ മുന്നോട്ടുവന്നത്. അത് വമ്പിച്ച ഒരു വിജയമായിരുന്നു എന്നതിൽ ഞങ്ങൾ ആത്മാഭിമാനം കൊള്ളുന്നു.

കലാലയാദ്ധ്യാപകരും വിദ്യാർത്ഥികളും ഒത്തൊരുമിച്ച് നിർമ്മാണപ്രക്രിയയിൽ പങ്കുചേരുന്ന സംഭവം ഈ കൊച്ചുകേരളത്തിലെന്നല്ല ഇൻഡ്യയിൽത്തന്നെ ആദ്യത്തേതാണ്. കൂടാതെ ക്യാമ്പു ജീവിതത്തിന്റെ സുഖദു:ഖങ്ങൾ പരസ്പരം പങ്കുവെയ്ക്കാൻ കഴിഞ്ഞു എന്നത് വലിയൊരുനേട്ടമാണ്. താമസവും ഭക്ഷണവും ഏതൊരു ക്യാമ്പിനെ സംബന്ധിച്ചിടത്തോളവും ഒരു പ്രശ്നമാണ്. ക്ഷീണിച്ചുതളർന്നു വരുമ്പോൾ തലചായ്ക്കാൻ ഇടമുണ്ടാക്കിത്തരാൻ മുൻകൈ എടുത്ത കൊച്ചിൻ Y. M. C. A. സെക്രട്ടറിയും പള്ളിയങ്കണവും സ്ഥലവും വിട്ടുതന്ന സഹൃദയനായ കുന്നംകുളം പള്ളിവികാരിയും വെളി കോൺവെന്റ് അധികാരികളും ഞങ്ങളുടെ സ്മരണയിൽ എന്നും മായാതെ നിലനില്ക്കും. കോളനി പ്രദേശത്തെ ഏറാട്ടുകുളംവീടും പരിസരവും ഞങ്ങളുടെ ഭക്ഷണശാലയായി മാറി. ഭർത്താവും ഭാര്യയും മക്കളും മരുമക്കളുമടങ്ങുന്ന ഒരു സന്തുഷ്ടകുടുംബമായിരുന്നു അത്. അവിടുത്തെ അംഗത്തിന്റെ വിവാഹ സദ്യ ഒരുക്കുന്നത്ര ജാഗ്രതയോടെ ക്യാമ്പംഗങ്ങൾക്ക് ഭക്ഷണമൊരുക്കുന്നതിൽ ഒത്തൊരുമിച്ചു പ്രവർത്തിച്ച അവരെ അത്രയെളുപ്പം മറക്കാനാവില്ല.

കോളനിയിലെ ആബാലവൃദ്ധം ജനങ്ങളെയും അവിടെ നിത്യസന്ദർശകരായി തടിച്ചുകൂടിയ ശതക്കണക്കിനാളുകളേയും കോൾമയിർക്കൊള്ളിച്ച കായികപരിപാടികളാണ് ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് അഴകും മിഴിവുമേറിയ ഇനങ്ങളിലൊന്ന്. അമ്പതിൽപരം ഇനങ്ങളിലായി നാനൂറിലധികം ആള

കളെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ ഈ പരിപാടിയിൽ വിജയിച്ച് വിക്ടറിസ്റ്റാൻഡിൽ കയറിയപ്പോൾ തങ്ങളുടെ ജീവിതക്ലേശങ്ങൾ മുഴുവനായി മറന്നതുപോലെ. ചുക്കിച്ചുളിഞ്ഞ അവരുടെ കവിൾത്തടങ്ങൾ അരുണവർണ്ണം പൂണ്ടു. പ്രകാശം മങ്ങിയ ആ കണ്ണുകളിൽ മിന്നിമറഞ്ഞ നേട്ടങ്ങളുടെ തിളക്കം കേരളത്തിന്റെ നാനാഭാഗത്തുനിന്നുമായി വന്ന ക്യാമ്പംഗങ്ങൾ സഹർഷം നോക്കിനിന്നുപോയി.

സായാഹ്നസൂര്യന്റെ ചെങ്കതിരുകളേറ്റ് തളർന്നുറങ്ങിയ ആ മനോഹരതീരത്ത് പൂനിലാവു വിതറുന്ന ചന്ദ്രനും മിന്നിത്തിളങ്ങുന്ന താരങ്ങളുമുള്ള ആകാശത്തട്ടിൻ കീഴിൽ ഒരുക്കിയ കലാവിരുന്നാസ്വദിക്കാൻ വന്നെത്തിയ ജനങ്ങളുടെ ആഹ്ളാദത്തിമർപ്പ് കാണേണ്ടതുതന്നെ. ഈ കലാസദ്യയിൽ വെറും അതിഥികൾ മാത്രമായിരുന്നില്ല അവർ. അവരോടൊപ്പം അവരുടെ പിഞ്ചോമനകളും ഈ വിരുന്നിലെ വിളമ്പുകാരായി മാറിയത് ആഹ്ളാദത്തിന് മാറ്റുകൂട്ടി. നിത്യനൂതനങ്ങളായ നൃത്തനൃത്ത്യങ്ങളും ചവിട്ടുനാടകം തുടങ്ങിയ പ്രാചീനകലാരൂപങ്ങളും പ്രൊഫഷണൽ നാടകങ്ങളെപ്പോലും വെല്ലുന്ന 'ക്യാപ്റ്റൻ പൈലി' തുടങ്ങിയ നാടകങ്ങളും മറ്റനേകം കലാപരിപാടികളും വളരെ തന്മയത്വത്തോടുകൂടി അവരവതരിപ്പിച്ച് കാണികളുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റി. നിത്യദാരിദ്ര്യത്തിന്റെയും രോഗത്തിന്റെയും കരാളഹസ്തങ്ങളിൽ കിടന്നു നട്ടം തിരിയുന്നവരെങ്കിലും കലാഹൃദയം തുളുമ്പിനില്ക്കുന്ന, തേച്ചുമിനുക്കിയാൽ കൊ ക്ഷേത്രത്തിലെ സൗന്ദര്യവിഗ്രഹങ്ങളാക്കി മാറ്റുവാൻ ഒട്ടുംതന്നെ പ്രയാസമില്ലാത്ത കലാകാരന്മാരുടെ ഒരു മേളാഘോഷയാത്രയായിരുന്നു എല്ലാ സായംസന്ധ്യകളിലും അവിടെ നടന്നത്.

നിത്യദരിദ്രരായ അവിടത്തെ ജനങ്ങൾക്കും അവർക്കു ചുറ്റും വസിക്കുന്ന അവരെപ്പോലെ തന്നെ ദരിദ്രരായ അത്രയും തന്നെ ആളുകൾക്കും അല്പമെങ്കിലും ആശ്വാസം പകരാൻ കഴിഞ്ഞുവല്ലൊ എന്ന ആത്മസംതൃപ്തിയോടെയാണ് കേരളത്തിന്റെ നാനാഭാഗത്തുനിന്നുമായി വന്ന പലമതസ്ഥരും പലപ്രായക്കാരും പല ജീവിതാന്തസ്സിലുള്ളവരുമായ നൂറോളം അദ്ധ്യാപകരും വിദ്യാർത്ഥികളും അവിടെ നിന്നും തിരിച്ചത്. മാനസികമായും വൈകാരികമായും ഇത്രമാത്രം ഒന്നിച്ചു ചേരാൻ കഴിഞ്ഞത് വലിയൊരുനേട്ടം തന്നെയാണ്. സാമൂഹ്യചിന്താസരണിയിൽ പുതുതായി ഞങ്ങൾ കൊളുത്തിയ ഈ ദീപം കെടാതെ, മങ്ങലേല്ക്കാതെ കൊണ്ടു പോകാൻ ഇടവരട്ടെയെന്ന് ഞങ്ങളാശിക്കുകയാണ്. ഇത് ക്യാമ്പംഗങ്ങളുടെ ജീവിതത്തിൽ പുതിയൊരനുഭവത്തിന്റെയും അനുഭൂതിയുടെയും ശാശ്വതസ്മരണയായി നിലകൊള്ളും.

Question No. 1

at V.I.P. Exam.

1. Where from we get all necessary
Stationery,
Provision,
Frozen fish,
Meat ?

Answer is

PURCHASE CENTRE

GIRINAGAR

Phone : 33490

With rhe best compliments

from

Phone Off: at 24551
Res: at 24579

Phoenix College

KUMBALANGI-VAZHI

COCHIN-682006

FOR ALL YOUR
N.C.C. & OTHER SERVICE
UNIFORM ARTICLES SUCH AS
POLICE, EXCISE, CUSTOMS, etc.

STEP INTO

SAILORS

THEVARA

Best Compliments

from

Xaviers Tailoring

'Gent's Tailoqs'

COCHIN-15
682015

Exide
supreme

SOLD AND SERVICED BY

**ROYAL BATTERY HOUSE**

BANERJI ROAD, ERNAKULAM

PHONE: 31376

*FOR*

COLLEGE BOOKS AND STATIONERY

*VISIT*

***BHAT'S BOOK STALL***

**THEVARA**

*Please Visit*



**"READER'S DELIGHT"**

BOOK SELLERS

(Near S. H. College)

**THEVARA, COCHIN-13**

*Specialists for:—*

College Books and Guides, School Guides, Dictionaries
And all Competative Examination Guides.

HINDI SECTION



# हिन्दी विभाग

# हिन्दी क्षेत्र में नाटक

—टी॰ एन॰ विश्वंभरन—

हिन्दी क्षेत्र में 'नाटक' जितनी अधिक मात्रा में लिखा जा रहा है उतनी अधिक मात्रा में वह खेला नहीं जाता है। अर्थात् 'नाटक' को 'क्रीडनीयक' के रूप में इस क्षेत्र ने बहुत कम स्वीकृत किया है। हिन्दी क्षेत्र के लोग जितनी तन्मयता से नाटक को पढ़ते पढ़ते रसास्वादन करते हैं उतन. तन्मयता से नाटकों के प्रदर्शन के साक्षी नहीं रहते हैं। नाटक को मंच से स्वीकार करने की प्रवृत्ति उस क्षेत्र के लोगों में थोडे ही दिखाई पडती है। लगता है कि 'नाटक' शब्द, उस क्षेत्र की पराधीनता के तिमिराच्छन्न दिनों में अपने ध्वनी संघातों में निहित 'बिंब' को खोया हुआ है और 'अर्थ' तत्व मात्र को सुरक्षित रखा हुआ है। भास, कालिदास, शूद्रक, भवभूति, विशाखदत्त आदि के नाट्य-साहित्य की विरासत से श्री-संपन्न प्रदेश में 'नाटक' की यह स्थिति वांछनीय कही जा सकती है? इसमें सन्देह है। नाटक को 'पाठ्य' वस्तु के रूप में स्वीकृत करते हुए इस प्रदेश ने भारत के एक विशाल भू-खण्ड को 'रंगमंचीय संस्कार' की दृष्टि से वंचित कराया है। पराधीनता के कारण 'नाट्य' के विराट वैभव से एक दम यह बडा क्षेत्र कट गया था। सांस्कृतिक वैभवों के दिनों में राज्य का प्रश्रय पाकर जो 'नाटक' भारत में अपनी विराट् शोभा और श्रीसंपन्नता प्रकट कर चुका था वे दोनों अतीत के गर्त में मात्र इतिहासकारों की खोज की वस्तु रह गयी। 'नाट्य' के आधार के रूप में 'नाटक' की जो अर्थवत्ता थी वह रह गयी। किन्तु उसी आधार की सच्चाई की परीक्षा का तत्व धीरे धीरे मिट गया। वस्तु केवल मनन शील सहृदय वेद्य रह गयी। स्वीकर्ता अपनी सामाजिकता के स्तर से खिसक गया। वह अपने 'सहृदय' — जो काव्यास्वादन की क्षमता के कारण ही इस उपाधि से विभूषित हो सकता है — के उच्च आसन पर आरूढ हुआ। वस्तु और स्वीकर्ता दोनों अन्य साहित्यिक एवं कला माध्यमों की तरह इस दिशा में भी दिखाई देते रहे। इधर कृतित्व और कृति का आस्वादन परक तत्व बने रहे हैं। किन्तु 'नाटक' के सन्दर्भ में प्रस्तोता का जो महत्वपूर्ण पक्ष है वह एकदम तिरोहित हुआ है।

वस्तु के साथ स्वीकृति और प्रस्तुति दोनों तत्व जुडे रहते हैं वस्तुत: कृतित्व का मूल्यांकन प्रस्तुति के सन्दर्भ में ही किया जा सकता है। कृति का 'वाङ्मय' स्वरूप प्रस्तुति के सन्दर्भ में संश्लिष्ट कला तत्वों के आधार पर एक विशिष्ट प्रकार के 'साकारत्व' में परिणत होता है। अत: उसका वाङ्मय स्वरूप मंच के मूर्त आकार की अपेक्षा अधिक महत्वपूर्ण नहीं कहा जा सकता है। भाषा तत्व ही मुख्य नहीं माना जा सकता जैसे कि अन्य साहित्यिक विधाओं में। रंगमंचीय संस्कार की धारा से कट जाने के किन्तु कारण हिन्दी क्षेत्र ने 'नाटक' को वाङ्मय रूप में ही स्वीकृत किया है।

## हिन्दी क्षेत्र में 'नाटक:'

हिन्दी क्षेत्र में खडी-बोली के 'साहित्यिक' होने के बाद नवोत्थान का जो साहित्यिक रूप

उभर आया उस में नाटक का भी महत्वपूर्ण स्थान है। किन्तु वह नाटक उस क्षेत्र की अपनी विरासत से रसग्रहण करते हुए पल्लवित हुआ तो नहीं है। अंग्रेजियों के यहाँ जो 'ड्रामा' (Drama) था वही हिन्दी क्षेत्र के सृजनशील प्रतिभावान व्यक्तियों को प्रभावित करता रहा है। अंग्रेजियों के मनोरंजन के लिए जिस प्ले-हाँउस (Play House) का शुभारंभ हुआ और उस प्ले-हाँउस में जो प्ले (play) खेला गया उनके प्रति न कोई सहिष्णुता या सद्-भावना हिन्दी क्षेत्र के प्रतिष्ठित एव प्रतिभाशील साहित्यकारों में नहीं थी। इसलिए 'प्ले' (play) का क्रीडनीयकत्व उनकेलिए जुगुप्सा की चीज रही। अंग्रेजी शिक्षा के आरंभ से पाठ्यक्रम में जो 'ड्रामा (Drama) अन्तर्गत कराया गया उसका दिमागी प्रभाव और संस्कार हिन्दी क्षेत्र के प्रतिभावान तथाकथित नाटककारों में पडा है। संस्कृत के नाट्य साहित्य के संस्कारों का ऐतिहासिक महत्व, शिल्प की खोज में उन नाटककारों की दृष्टि में-पडा हुआ है। लोक-नाट्य की परंपरा के लीला-नाटकों में जो धार्मिक संस्कार सुरक्षित है उस ने उन नाटककारों को कतई प्रभावित नहीं किया है। नवोत्थान-वेला में हिन्दी क्षेत्र ने 'नाटक' को अपनी विरासत में नहीं पाया। हिन्दी नाटक की परंपरा को बहुत दूर की धारा से जोडने के प्रयत्न में पडे हुए नाटक के इतिहासकारों ने हिन्दी क्षेत्र के कलात्मक एवं साहित्यिक इतिहास को युगपत् देखने का कम प्रयत्न किया है। इसलिए 15 वीं शताब्दी के पूर्वार्द्ध से ही हिन्दी नाटक के आविर्भाव को देखने का प्रयत्न हुआ है। इसमें किसी को सन्देह नहीं हो सकता है कि जनता अपने चित्तरंजन के लिए वैयक्तिक एवं सामूहिक धरातल पर किसी न किसी प्रकार के कार्यों से जुडकर रहेगी। सांस्कृतिक गरिमा के दिनों में कला और साहित्य के चरमोत्कर्ष का होना सहज है। पतन और पराधीनता के दिनों में साहित्य और कला का विराट वैभव जनता को भले ही प्राप्त न हो तो भी उस वैभव की बची-खुची सामग्री तो उसको अवश्य मिलती रहेगी। उस से यदाकदा अपने अवकाश के क्षणों को 'स्पन्दित' करने का प्रयत्न वह करती रहेगी। इस प्रयत्न में वह रहस, रास, नौटकी आदि भिन्न लोक-नाट्य परंपरा की शरण में आयी हुई थी। अपनी अभिनयात्मिका वृत्ति को परंपरा के पालने में इस प्रकार वह आरक्षित कर पायी। संस्कृत साहित्य के अमूल्य रत्न के रूप में जो 'नाटक' भारत में विराजमान था वह कहीं न रहा। हिन्दी क्षेत्र ने खडी बोली हिन्दी के रूपायन के दिनों में इस अमूल्य रत्न को पुन: पाने का प्रयत्न नहीं किया है। हिन्दी के नाटक-साहित्यालोचकों ने परंपरा के पुनरुद्धार के रूप में इसको देखने का प्रयत्न किया है। लेकिन नाटक के सन्दर्भ में परंपरा साहित्य की अन्य विधाओं की परंपरा से भिन्न है। उसकी परंपरा में वाङ्मय स्वरूप के साथ ही साथ रंगधर्मिता का संबन्ध भी है।

# एकता का मूल सूत्र

रमादेवी I B. Sc.

भारत को तीन भागों में विभाजित किया जा सकता है। सबसे पहला विभाग हिमालय के दक्षिण से लेकर विन्ध्याचल के उत्तर तक, जो कि उत्तरी भाग कहलाता है। दूसरा विभाग वह है जो विन्ध्य से लेकर कृष्णा नदी के उत्तर तक फैला हुआ है। उसे दक्खिनी प्लेटो कहते हैं। तीसरा विभाग वह है जो कृष्णानदी से लेकर कुमारी अन्तरीप तक फैला हुआ है। उत्तर भारत को दक्षिण भारत से मिलाने की कोशिश जिन्होंने की है उनमें अगस्त्य का नाम विशेष उल्लेखनीय है। उत्तरी और दक्षिणी भारत के बीच रामचन्द्र जी ने जो एकता स्थापित की वह महाभारतकाल में भी कायम थी। आगे चलकर चन्द्रगुप्त, अशोक, विक्रमादित्य और उनके बाद मुगलों ने भारत को एकशासन की डोरी में बाँधने में सफलता पायी। दूरदर्शी और कमज़ोर राजा गद्दी पर बैठे तो देश की एकता टूटती रही।

भारत में अनेक बड़ी-बड़ी नदियाँ और बड़े पहाड़ हैं; यहाँ के लोगों के बीच में प्रान्तीयता भावना का होना स्वाभाविक है। भारत एक विशाल देश है। भारत की जलवायु प्रान्त प्रान्त में भिन्न भिन्न है। काश्मीर की जलवायु मध्य एशिया की तरह है। कुमारी अन्तरीप के घरों की रचना और लोगों के रंग रूप आदि में श्रीलंका या सीलोन का नमूना दृष्टिगोचर होता है। चेरापूंजी में वर्षा अधिक होती है। पर जहाँ वर्षा होती हे नहीं वह स्थान—थार—भी इसी देश में है।

जलवायु का प्रभाव लोगों के शरीर और मस्तिष्क पर पड जाता है। जलवायु तथा धरती की मुसीबतों को जो झेलते हुए जिन्दगी बिताते हैं वे लोग निर्भीक होते हैं। उनका शरीर बलिष्ट हो जाता है। बंगाल, बिहार, आदि प्रान्तों में रहनेवाले किसान कमज़ोर हैं। लेकिन राजस्थान के किसान बलिष्ठ हैं और वह तन्दुरुस्ती से अनुगृहीत है। क्योंकि उनको कठिन प्रयत्न करना पडता है।

भारत की विविधता वहाँ रहनेवाले लोगों की पोशाक में भी दिखाई पडती है। भारत में अनेक लोग विविध तरह की पोशाक पहनते हैं। सबकी अपनी अपनी पोशाक होती है। खान पान में विविधता होती है। केरल के लोग चावल खाते हैं। लेकिन बिहार के लोग मछली पसंद करते हैं। इसलिये एक राष्ट्रीय भोजन बनाना मुश्किल है। पोशाक और खानपान में जलवायु एवं क्षेत्रीय सुविधा का प्रभाव होता है।

सबसे प्रधान समस्या है 'भाषा' की। भारत में अनेक भाषायें बोली जाती हैं। इसलिये भारत के भिन्न प्रान्त के लोग एक दूसरे के लिए अजनबी हैं। हमारी राष्ट्रीय एकता की सबसे बडी बाधा है भाषा भेद की। जब कोई उत्तरवासी दक्षिण चला जाए और वह अपनी मातृभाषा के सिवा अन्य कोई भाषा न जाने वह सचमुच

बडी मुश्किल में पड जाएगा। अब विज्ञान के अनेक सुगम साधनों की सहायता से पहाड की समस्या दूर की गई है। एक देश में अकाल पडे दो दूसरे देश के कोने से अनाज तुरंत पहुँचा दिया जाता है। इसीप्रकार एक देश में विद्रोह होते तो फौज को भेजकर दबा लिया जा सकता है।

सचमुच उतर भारतीय और दक्षिण भारतीय के बीच में अनेकताओं में भी एकता है। वे एक ही संस्कृति की संतानें हैं। वे एक ही धर्म की, संस्कृति की बिरासत के भागीदार हैं। उन्होंने देश की आजादी केलिये एक होकर लडाई की और आज उनकी पार्लिमेंट और विधान भी एक है।

धार्मिक एकता सांस्कृतिक एकता को पुष्ट करती है। भारत के अनेक धर्म एक महान मानव धर्म के आदर्श को दिखानेवाले हैं। यहीं के की अनेक संस्कृतियों के संग्राम से ही भारतीय संस्कृति नामक विशाल संस्कृति की सृष्टि हुई है। यूरोप के लोगों के बीच में से भारतीय आसानी पहचानी जाता है। एक देश की निजी सांस्कृतिक विशेषता होती है जो उस देश के प्रत्येक निवासी की चाल ढाल, बातचीत, रहन-सहन, खान-पान और आदतों में टपकती रहती है। यही वह सांस्कृतिक एकता है जो भारत की एकता के मूल में है।

भारत में राष्ट्रीयता और प्रान्तीयता के बीच बरावर संघर्ष बनता रहा है। ●

जब कोई भी मनुष्य
अनासक्त होकर चुनौती देता है इतिहास को,
उस दिन नक्षत्रों की दिशा बदल जाती है।
नियति नहीं है पूर्वनिर्धारित—
उसको हर क्षण मानव-निर्णय बनाता मिटाता है।

अन्धायुग

धर्मवीर भारती



AICUF Executive



Steering Committee
Planning Forum



At the Service of the Poor



K. M. George
Secretary
Planning Forum

# Adieu To Fr. Principal



Minister K. M. Mani

FAREWELL ADDRESS BY



Mr. Wellington



Fr. Principal waves
Gratitude



Mr. Gopalan presents
the Casket



Justice Vadakel unveils
the Portrait


ENTERTAINMENTS



WORK CAMP BY M.S.W. STUDENTS
AT FISHERMEN COLONY
PATTAM

कविता

# ईश्वर लीला

आर० शंकरन I B. Sc.

कितनी विशाल और विलासी है दुनियां
जन्म देती है सगुण और दुर्गुण को यह
प्यार, पुण्य, दया और धर्म से रहित है
पाप, अधर्म, क्रोध और विद्रोह से सहित है।

स्त्री और पुरुष रहते हैं इस 'विशाल' में
प्यार और विरोध करते हैं आपस में
आपस में लडते भिडते हैं वे
फिर भी इस दुनियामें जीते रहते हैं।

कई तरह के पशु भी जीते हैं इधर
अन्न केलिए आपस में लडते हैं वे।
अपनी जाती को नहीं 'मारते'।
मनुष्य से भी कितने श्रेष्ठ हैं ये पशु।

अमीर और गरीब रहते हैं यहाँ
ईश्वर की ही दो संतानें हैं वे।
लेकिन पिता की आज्ञा न मानकर
आपस में लडकर दुख पैदा करते हैं।

सभी धर्म के लोग रहते हैं यहाँ
कई ईश्वर के उपासक हैं ये।
अपने ही धर्म को ऊँचा मानते हैं।
अन्य जातियों को मानना नहीं चाहते।

नीति अनीति आवश्यक हैं दुनियां में।
मानव चिन्तन पाप-पुण्य मिश्रित है।
विना इस के नीरस हो जायगा जीवन
ये सब ईश्वर की लीलायें हैं।

# विज्ञान वरदान व अभिशाप

श्रीकुमार पी. I. B. A.

आधुनिक युग विज्ञान का युग है। इस युग में प्राय: जीवन के सभी क्षेत्रों में विज्ञान की उन्नति हुई है। विज्ञान के प्रभाव से हमारी प्राचीन रूढ़ियाँ छिन्न भिन्न हो रही हैं और हमारे धार्मिक विश्वासों में परिवर्तन हो रहा है। आज विज्ञान के कारण प्रतिदिन नये नये आविष्कार हो रहे हैं।

हर एक वस्तु के दो पहलू होते हैं, गुण और दोष। विज्ञान के भी गुण और दोष हैं। पहले हम उसके गुण पर विचार करें। विज्ञान ने संसार को अनेक सुविधायें प्रदान की हैं। विज्ञान से समय लाभ होता है। पहले दूर स्थान में पहुँचने केलिये, बस, रेलगाडी या हवाईजहाज नहीं थे। लेकिन आजकल यात्रा सुखमय है। पहले दूर स्थान तक पहुँचने केलिये महीने लग जाते थे। लेकिन अब तो बात ऐसी नहीं है। आज महीने क्यों, घंटों में हम दूर स्थानों में पहुँच सकते हैं। राकेट और स्पुतनिक द्वारा चन्द्र तक लोग पहुँच गये हैं।

समाचार भेजने के क्षेत्र में भी विज्ञान ने अद्भुत योगदान दिया है। टेलीफोन, तार, बेतार के तार, रेडियो, टेलिविजन आदि से हम थोडे समय में दूर तक समाचार भेजा करते हैं। आज के मानव चाहते हैं कि सारा काम आसान हो जाय। विज्ञान ने उसकी इच्छा की पूर्ति की है।

मनोरंजन के साधनों की अभिवृद्धि में भी विज्ञान ने सहयोग दिया है। ग्रामफोन, रेडियो, टेलिविजन और सिनेमा के आविष्कार ने आमोद-प्रमोद का अवसर प्रदान किया है। अनेक प्रकार के यंत्रों ने भी हमारे मनोरंजन की सुविधा बढा दी है।

विज्ञान ने शिक्षा के क्षेत्र को भी समृद्ध किया है। पहले कलम, कागज आदि नहीं थे। लेकिन आज विविध यन्त्रों के आविष्कार से हजारों-लाखों पुस्तकें एक साथ तैयार हो जाती हैं। रेडियो अध्यापक का स्थान ले रहा है और समाचार पत्र विश्व-भर के ताजे समाचार प्रदान कर रहा है।

मानव की सुख-सुविधा की वृद्धि में भी विज्ञान ने बडा योग दिया है। पहले लोग तेल के दीपक जलाकर घने अंधकार को दूर करने का प्रयत्न करते थे। बिजली के आविष्कार ने इस समस्या को हल कर दिया है। गर्मी के दिनों काम आनेवाले रेफ्रीजरेटर, और जाडे के दिनों में काम आनेवाले हीटर आदि विज्ञान की ही देन हैं।

विज्ञान ने हमारे घरेलू जीवन को भी प्रभावित किया है। पहले हम लकडी के सहारे ही भोजन पका सकते थे। बिजली का बटन दबाते ही चटपट भोजन तैयार हो जाता है। आटा पीसने की मशीनें गेहूँ-जौ पीस देती हैं। सूत कातने और वस्त्र बनाने के कारखाने भी प्रत्येक देश में फैले हुए हैं। अब हमें कुछ नहीं करना है। सब मशीनें ही करती हैं। विज्ञान ने कला के क्षेत्र में भी वृद्धि करायी है। फोटोग्राफी इसका ज्वलंत उदाहरण है। टेपरि-कार्डर मनुष्य की बोली को ज्यों का त्यों सुरक्षित रखता है।

स्वास्थ्य के क्षेत्र में भी विज्ञान की देन अत्यंत महत्वपूर्ण है। तरह तरह की औषधियाँ, आपरेशन के नये नये औजार, एक्स-रे रक्त-दान आदि के आविष्कार ने मृत्यु को भी चुनौती दी है। संतान नियंत्रण के आपरेशन भी अब व्यापक हो रहे हैं। इसके कारण हमारे देश की आबादी कम हो जायेगी और हमारा देश खाद्य पदार्थों में स्वयं पर्याप्त हो जायेगा।

इन सब गुणों के होते हुए भी इसके कुछ न कुछ दोष भी है। पहला दोष है कि मनुष्य श्रम करना नहीं चाहता। वह आधुनिक यंत्रों या मशीनों द्वारा काम चलाता है। परमात्मा ने हमें श्रम केलिए ही शरीर दिया है। शरीर सुख भोग केलिये नहीं है।

विज्ञान की उन्नति व्यक्ति को, समाज को और देश को प्रेम, आत्मविश्वास, करुणा सहानुभूति, तप और त्याग का संदेश नहीं दे सकता, क्योंकि विज्ञान स्वयं जड है। भौतिक सुविधाओं की दृष्टि से मानवता की जड़ कट रही है।

विज्ञान ने मौत के सामान भी जुटा दिये हैं। अब डाईनामइट लगाकर बडे बडे महल और भवन चकनाचूर कर सकते हैं। 'एटम बम' और हाईड्रजन बम द्वारा मिनिटों में नर संहार किया जा सकता है। इन सब दोषों के होते हुए भी यह कहा जा सकता है कि जीवन की उन्नति विज्ञान से ही हो सकती है। विज्ञान का सदुपयोग किया जाय तो वह एक वरदान साबित होगा।

कहानी

# प्रतिशोध

ए० के० गोपालन

राजपुरी एक छोटा गाँव था। छोटे-छोटे पहाड और तलहटियों से भरे हुए इस प्रांत के बीच से पश्चिम की ओर एक छोटा झरना कल कल गान सुनाता हुआ गर्व से बहता है। इधर उधर के छोटे-छोटे मकान, गाव के नेताजी के घर के आस पास हैं। नेताजी सहना इस मंदिर में अपने राजनैतिक कर्मचारियों के साथ एक प्रश्न को हल करने में व्यापृत हैं। इतने में बाजा बजाकर लोगों का झुंड वहाँ आ गया।

लोग इधर-उधर से एक खुले मैदान में आ पहुँचे। एक सुसज्जित आसन (बैठक) पर नेताजी सहना बैठते हैं। लोग बडी संख्या में इस सभा में शामिल हैं। लोगों की इतनी बडी भीड क्यों लगी है ?

तलहटियों के मनोरम इस प्रांत की अच्छी जलवायु भी सुहावनी है। एक दिन वहाँ कुछ चूहे आ पहुँचे। चूहों का प्रवाह निमिष भर में बढाता रहा। लोगों केलिये चूहों के कारण कोई चीज लाना या इकट्टा करना, असंभव हो गया। लोगों ने नेताजी सहना को अपना दुःख सुनाया। इसी का प्रश्न हल करने केलिये आज लोगों की यह भीड लगी है।

इतने में सहना ने अपनी बैठक से उठकर लोगों का अभिवादन किया। फिर उन्होंने घोषणा की कि जो व्यक्ति हमारे देश से इन चूहों की विपदा को दूर करेगा, उसको हजार सोने के सिक्के दिये जायेंगे।

सहने की दरबार ने एक दिन एक छोटा बालक एक मुरली लिये आ पहुँचा। शासक के सम्मुख जाकर वह दिखाकर कहने लगा कि वह चूहों का सर्वनाश करेगा और हजारों सोने के सिक्के देने चाहिए। शासक सहना और साथियों ने उसकी खिल्ली उडायी और उससे पूछा कि तुम कैसे उनको मार डालेगा बालक ने जबाब दिया "मैं अपनी मुरली से इनको मार डालेगा"। यह सुनकर सब हँसने लगे। बालक को अनुमति दी।

बालक अपनी मुरली पर अदभुत ढंग से चूहे यह मुरली गीत सुनकर उस बालक के साथ सहना उस चलने लगे। बालक इधर उधर चल पडा। सभी चूहे उनके साथ आये। लोग यह देखकर चकित हुए। बालक पश्चिम की ओर चला और नदी में उन्हें उतार लिया और मुरली गान समाप्त किया। सभी चूहे डूबकर मृत हो गये। बालक ने लौट आकर सोना मांगा। सहना ने सोना नहीं दिया। बालक ने कहा कि यदि तुम सोना नहीं देते तो मैं एक बुरा काम करूँगा। बालक क्रुद्ध हो वहाँ से चला।

उन्होंने अपनी मुरली से एक निराली आवाज निकाली। घरों से बच्चे दौडकर मुरली गीत में मस्त हो नाचते, फिरते बालक के साथ चले। वह बालक गीत गाकर एक जंगल में आ पहुँचा लोग स्तब्ध रह गये। वे उस बालक की तलाश में चले। बालक का कोई पता नहीं मिला। उसने जंगल पहुँचकर गीत समाप्त किया। फिर वहाँ से चला। बालक का रूप भी वहाँ नहीं देख सका।

●

*Best Compliments*

*From*

S. Arumugham Chettiar & Sons

**Ratna Ice-cream Stall**
**& Milk Bar**

ANAVATHIL

COCHIN-2

*With Best Compliments*

*From*

M/s Francis Automobils Works

PERUMANOOR

COCHIN-682013

*Best Compliments*

*From*

THOMSON ELECTRICALS

THEVARA

COCHIN-13

എല്ലാത്തരം തുണിത്തരങ്ങൾക്കും

സന്ദർശിക്കുക—

"KING'S WEAR"

THEVARA

With Best Compliments

from

STATE BANK OF

TRAVANCORE

(Subsidiary of

the State Bank of india)

COCHIN SHIPYARD

PERUMANUR, COCHIN-15

With Best Compliments

from

A PALACE OF

SAREES, SHIRTINGS

AND CUT-PIECES OF ALL SORTS

Udaya Silk Palace

COCHIN-15

FLY

Kuwait Airways

TO THE

MIDDLE EAST AND EUROPE

*General Sales Agents:*

VENUS TRAVELS

M. G. Road,
COCHIN-16,
Tel: 34486.

6, Whites Square,
Whites Road,
MADRAS-14.

The Bank of Cochin Limited

(Registered Office: Broadway, Ernakulam)

COCHIN-682011.

**Authorised Dealers in Foreign Exchange**

WE SERVE YOU through our branches and Correspondents in India and all over the world.

WE HELP YOU in opening letters of Credit and in all your Foreign Exchange transactions.

WE OFFER YOU finer rates in encashing Foreign Currency cheques and Drafts.

WE GIVE YOU maximum rates of Interest on your Deposits with us.

WE ASSIST YOU to solve your financial problems through our profitable Kuries and New Recurring and Daily Deposit Schemes.

WE GRANT YOU advance for all productive purposes.

*Approach your nearest branch for all types of Banking Business both Inland and Foreign*

K. M. Thariyan, B.Com., A.C.A. Chairman.

our Requirements In

BORATORY EQUIPMENTS,

CHEMICALS,

ps, Charts, Globes

LIBRARY BOOKS

SPORTS GOODS

PRINTING TYPES

Printing Blocks & Printing

*contact:*

**DYARTHIMITHRAM**

Br. PRESS CLUB ROAD,
ERNAKULAM

Tel: "REFLECTION" Phone: 31112

**K. VELAYUDHAN PILLAI**

GLASS & PICTURE
MERCHANTS

BROADWAY - ERNAKULAM

COCHIN-11
(Kerala)

*ITH BEST COMPLIMENTS*
*FROM*

**s Bombay Automobiles**

BANERJI ROAD
ERNAKULAM
COCHIN-18

Phone: 33142

*WITH BEST COMPLIMENTS*
*FROM*

**The Cannanore Motor Company**

CIVIL STATION

CANNANORE-670002

Phone No. 3558

PHARM-O'-SALES

XXX/406-A, M. G. ROAD

ERNAKULAM, COCHIN—16

PHONE 31565

*Stockists*:

**BDH Chemicals & Pfizer**

*Dealers*:

**All Laboratory Glasswares & Equipments**

With Best Compliments From

CHAKOLAS

BROADWAY, ERNAKULAM

COCHIN—11



gemini

May 22 June 22

# PLANT IN JUNE TO PASS IN OCTOBER

TS ELIOT WROTE IN MY BEGINNING IS MY END. THE MONTH OF JUNE WILL DECIDE THE FATE OF YOUR SON OR DAUGHTER IN THE OCTOBER S. S. L. C. EXAMINATION. AT MENON AND KRISHNAN, THE SUCCESS CAN BE FORECAST. SEPARATE CLASSES ARE HELD FOR BOYS AND GIRLS. S.S.L.C. STUDENTS AT MENON AND KRISHNAN WRITE THEIR FIRST INTERNAL EXAMINATION THIS WEEK

STUDENTS WHO HAVE PASSED S. S. L. C. MAY NOW APPLY FOR ADMISSION TO FIRST YEAR PRE-DEGREE ECONOMICS AND PURE COMMERCE GROUPS. SCHOOL AND COLLEGE-GOING STUDENTS ARE NOW ADMITTED TO CLASS-WINNING TUITION CLASSES.

THE COLLEGE REOPENS ON JUNE 9 FOR SENIOR STUDENTS (PRIVATE REGISTRATION) OF MORNING AND EVENING CLASSES. MEN OVER 17 MAY NOW GET ADMISSION TO EVENING S.S.L.C. CLASS: PRIVATE REGISTRATION.

ARISTOCRATIC IIND D.C. ENGLISH CLASSES BEGIN ON JUNE 16

## MENON AND KRISHNAN

DURBAR HALL ROAD ERNAKULAM
COCHIN 16 TEL. 32238
KERALA'S GREATEST TUTORIAL COLLEGE



libra

Sept. 24 Oct 23

designers



Smarto
BRA
LOOK SMART
FEEL MORE COMFORT
IN ELASTICIZED BRA